विषय संख्या 8.5 RA आगत नं० 38,036

लेखक

शीर्षक


दिनांक	सदस्य संख्या	दिनांक	सदस्य संख्या

दिनांक	सदस्य संख्या	दिनांक	सदस्य संख्या

प्रथम संस्करण] सं. १९७६. [मूल्य आठ आने.

हिन्दी स्वबोधिनी

मलयालम



लेखक—दामोदर उन्नी.

हिन्दी प्रचारक, ट्रिचूर.

प्रथम संस्करण] सं. १९७९. [मूल्य आठ आने.

हिन्दी स्वबोधिनी

मलयालम।

अनुवादक एम्. के. दामोदरन् उण्णि.

प्रकाशक

हिन्दी साहित्य सम्मेलन प्रचार कार्यालय,

मद्रास.

प्रथम बार] १९२३.

PRINTED BY P. A. KANDU
AT THE MANGALODAYAM PRESS, AND PUBLISHED BY
KURUR NEELAKANDAN NAMBOODIRIPAD AT TRICHUR.

प्रस्तावना.

द्राविड़ प्रान्त के वास्ते हिन्दी की पहली पुस्तक स्वामी सत्यदेवजी से लिखी गयी थी । यह पुस्तक उसी प्रान्त के दो पुत्रों से लिखी गयी है। मैं उम्मीद करता हूँ कि द्राविड़ प्रान्त के रहने वाले भारतमाता के प्रेमीजन इस पुस्तक का पूरा लाभ उठाने से नहीं चूकेंगे। आगामी कांग्रेस के पहले ही अगर उन्हें हिन्दुस्तानी की काफ़ी जानकारी हो जाय तो स्वराज्य प्राप्ति के नियमों में यह एक नियम भी जोड देने की मेरी बड़ी इच्छा होती है कि द्राविडों को काफ़ी हिन्दुस्तानी से वाकिफ़ होना आवश्यक है। हिन्दुस्तानी का प्रचार इस प्रांत में इतने समय तक हुआ है कि उसका प्रभाव लोगों पर पड़े। मैं आशा करता हूँ कि यह किताब बहुत दिनों की एक माँग को पूरी करेगी और सैकड़ों नवयुवकों को इतनी हिन्दुस्तानी सीखने में सहायक होगी जितनी की सहायता से वे अपने को उत्तर भारतमें विदेशी नहीं पावेंगे।

मो. क. गांधी.

—:०:—

FOREWORD.

The first Hindi Book for Dravid Land was written by Swami Satyadev. This book is written by two sons of the soil. I hope that Dravidian lovers of Bharat-mata will not fail to take advantage of the publication; and given themselves a working knowledge of Hindustani for the forth-coming congress, I almost feel tempted to suggest the addition of a new condition for the attainment of Swaraj—*viz.*, a competent knowledge of Hindustani by the Dravidians Hindustani propoganda has gone on in this Presidency long enough to make an impression. I trust this publication will supply a felt want and that it will enable hundreds of youths to pick up sufficient Hindustani not to make them feel strangers in the Northern part of India.

M. K. GANDHI.

—:o:—

ग्रन्थकर्ताओं की प्रस्तावना.

कई साल हुए कि जब हम हिन्दी की पढ़ाई खतम करके प्रयाग से मद्रास के लिये निकलने लगे तब पुरुषोत्तमदास टंडन जी ने (जो कि उस समय हिन्दी-साहित्य-सम्मेलन के प्रधान मंत्री थे) हम से कहा था कि आप हिन्दी-तामिल, हिन्दी-तेलुगू और हिन्दी अंग्रेजी स्वबोधिनी लिखने केलिये ठहर जाँय। मगर हमारी राय थी कि बड़ी अच्छी होगी अगर वह कुछ अनुभव के बाद लिखी जाती। यहाँ आने परभी कई सज्जनों ने हम से प्रार्थना की कि हम इन पुस्तकों को प्रकाशित करें। लेकिन तकलीफ़ यह थी कि इस प्रान्त में ऐसे छापखाने का मिलना बड़ा मुशिकलहै जो हिन्दी किताबें छपा सकें। आखिर बहुत मुश्किल से हम सी. मुनुसामि मुदलियार अंड संस को पा सकें जिन्हों ने इन किताबों को जल्दी छपाने के वास्ते बड़ी तकलीफ़ उठाई।

इधर कई महीनों से हम हिन्दी-मलयालम स्वबोधिनी के छपाने में लगे हुए थे। अब वह भी आप के सामने उपस्थित है। हम आशा करते हैं कि आप केरलीय हिन्दी प्रेमी लोग इस को भी अपनावेंगे।

यद्यपि इस पुस्तक को हम मुफ़्त में बांट न सके। तो भी हम ने इस का दाम बहुत कम रखा है ताकि यह साधारण लोगों के पास आसानी से पहूँच सके।

हिन्दी की जितनी पुस्तकें इस प्रान्त में अब तक प्रकाशित हुई हैं उन सब का हम सादर स्वागत करते हैं । लेकिन हमें इस बात का बडा अफ़सोस है कि कई पुस्तकें ऐसी निकली हैं जिन में छपाई की ही भूलें नहीं बल्कि भाषा की भी हैं । प्रकाशित करने की जो पुस्तकें हैं उन्हें अगर प्रकाशक हमारे पास लावें तो हन मुफ़्त में संशोधन कराने के लिये तय्यार हैं मगर इस शर्तपर कि वह किताब पैसा कमाने के ख्याल से न छपी जाय ।

हमें यहाँ पर पूज्य श्री महात्मा गान्धीजी के प्रति अपनी कृतज्ञता प्रकाशित करना आवश्यक है कि जिन्हों ने इस में प्रस्तावना लिखने की कृपा की । हम आज जो कुछ सेवा कर रहे हैं यह उन्ही की कृपा का फल है ॥

पं. हरिहरशर्मा विशारद.

पं. के. एम्. शिवराम विशारद.

മൂലഗ്രന്ഥത്തെ ഭാഷാന്തരപ്പെടുത്തുമ്പോൾ ശബ്ദങ്ങളുടേയും പ്രത്യയങ്ങളുടെയും അർത്ഥത്തെ വ്യക്തമാക്കുന്നതിലാണ് അധികം മനസ്സിരുത്തിയിട്ടുള്ളത്. ഭാഷയിൽ വല്ലതും തെറ്റു വന്നുപോയിട്ടുണ്ടെങ്കിൽ വിജ്ഞന്മാരായ വായനക്കാർ അതിനെ ശരിപ്പെടുത്തിക്കൊള്ളുമെന്നു വിശ്വസിക്കുന്നു.

പരിഭാഷകൻ

എം. കെ. ദാമോദരൻ ഉണ്ണി.

॥ हिन्दीस्वबोधिनी ॥

ഹിന്ദിസ്വബോധിനി.

ഹിന്ദിഭാഷയിലെ അക്ഷരങ്ങൾ.

स्वर സ്വരങ്ങൾ.

അ ആ ഇ ഈ ഉ ഊ ഏ ഐ ഓ ഔ
अ आ इ ई उ ऊ ए ऐ ओ औ

അം അഃ ഋ
अं अः ऋ

व्यञ्जन വ്യഞ്ജനങ്ങൾ.

	ക	ഖ	ഗ	ഘ	ങ
(कवर्ग)	क	ख	ग	घ	ङ ।
	ച	ഛ	ജ	ഝ	ഞ
(चवर्ग)	च	छ	ज	झ	ञ ।
	ട	ഠ	ഡ	ഢ	ണ
(टवर्ग)	ट	ठ	ड	ढ	ण ।

			ത	ഥ	ദ	ധ	ന	
(तवर्ग)			त	थ	द	ध	न	।
			പ	ഫ	ബ	ഭ	മ	
(पवर्ग)			प	फ	ब	भ	म	।
യ	ര	ല	വ	ശ	ഷ	സ	ഹ	
य	र	ल	व	श	ष	स	ह	।

വ്യഞ്ജനങ്ങളോടുകൂടി സ്വരങ്ങളെ കൂട്ടിച്ചേർക്കേണ്ട രീതി.

क्+अ=क, क्+आ=का, क्+इ=कि, क्+ई=की,
क्+उ=कु, क्+ऊ=कू, क्+ए=के, क्+ऐ=कै,
क्+ओ=को, क्+औ=कौ, क्+अं=कं, क्+अः=कः

क्+ऋ=कृ

കൂട്ടക്ഷരങ്ങൾ

ख ग घ च ज झ ञ ण त
थ ध न प ब भ म य ल
व श ष स

ഈ അക്ഷരങ്ങൾക്ക് ഒടുവിൽ ഒരു നേർവരയുണ്ട്. ഇവയിൽ ഏതെങ്കിലും അക്ഷരത്തോടുകൂടി വേറെ വ്യഞ്ജനങ്ങളെ ചേർക്കുമ്പോൾ ഇതിന്റെ നേർവരയെ എടുത്തു കളഞ്ഞു ചേർക്കുന്ന വ്യഞ്ജനം മുഴുവൻ എഴുതേണ്ടതാകുന്നു. य കാരം घ കാരത്തോടു ചേർക്കുന്നു. घ കാര

ത്തിന്റെ നേർവര എടുത്തു കളഞ്ഞ് य കാരം മുഴുവൻ എഴുതണം. ഉദാഹരണം — ल्य ല്യ. ഇതേമാതിരി म्+प म्प മ്പ, व्+य व्य ബ്യ ഇത്യാദി. ഉച്ചാരണസമയത്ത് കൂട്ടക്ഷരത്തിന്റെ ആദ്യം രേഫത്തിന്റെ ശ്രവണം ഉണ്ടെങ്കിൽ 'र' എന്നത് 'ॅ' ഇതുപോലെ ഒരു ചിഹ്നമാക്കിച്ചേർക്കണം. ഉദാ — र्+क=र्क. र्+ण=र्ण ർണ.

ഏതെങ്കിലും വ്യഞ്ജനത്തെ എഴുതിയിട്ട് 'र' എന്ന അക്ഷരത്തെ ചേർക്കണമെങ്കിൽ '्र' ചിഹ്നം അക്ഷരങ്ങളുടെ ഇടത്തുഭാഗത്തു ചേർക്കണം. ഉദാ — प्+र=प्र, व्+र=व्र വ്ര, ഇത്യാദി.

മുഖ്യ കൂട്ടക്ഷരങ്ങൾ ഇവയാകുന്നു.

क्क ക്ക	ख्व ഖ്വ	ण्व ണ്വ	द्य ദ്യ
क्त ക്ത	ङ्क ങ്ക	त्त ത്ത	द्र ദ്ര
क्त्व ക്ത്വ	ङ्क्त ങ്ക്ത	त्त्व ത്ത്വ	द्र्य ദ്ര്യ
क्न ക്ന	च्च ച്ച	त्थ ത്ഥ	द्व ദ്വ
क्म ക്മ	च्छ ച്ഛ	थ्य ഥ്യ	द्व्य ദ്വ്യ
क्य ക്യ	च्छ्र ച്ഛ്ര	त्न ത്ന	द्व्र ദ്വ്ര
क्र ക്ര	च्छ्व ച്ഛ്വ	त्प ത്പ	ध्न ധ്ന
क्ल ക്ല	च्म ച്മ	त्प्र ത്പ്ര	ध्म ധ്മ
क्व ക്വ	च्य ച്യ	त्फ ത്ഫ	ध्य ധ്യ
क्ष ക്ഷ	ज्ज ജ്ജ	त्म ത്മ	ध्र ധ്ര
क्ष्ण ക്ഷ്ണ	ज्ञ ജ്ഞ	त्य ത്യ	ध्व ധ്വ

क्ष्म	ക്ഷ്മ	ज्व	ജ്വ	त्त	ത്ത	न्न	ന്ന
क्ष्य	ക്ഷ്യ	ट्ट	ട്ട	त्त्य	ത്ത്യ	न्म	ന്മ
क्ष्व	ക്ഷ്വ	ट्य	ട്യ	त्व	ത്വ	न्य	ന്യ
ख्य	ഖ്യ	ठ्य	ഠ്യ	त्स	ത്സ	न्व	ന്വ
ग्ध	ഗ്ധ	ठ्र	ഠ്ര	त्स्न	ത്സ്ന	प्त	പ്ത
ग्न	ഗ്ന	ड्ग	ഡ്ഗ	त्स्य	ത്സ്യ	प्त्य	പ്ത്യ
ग्म	ഗ്മ	ड्म	ഡ്മ	द्ग	ദ്ഗ	प्न	പ്ന
ग्र्य	ഗ്ര്യ	ड्य	ഡ്യ	द्द	ദ്ദ	प्म	പ്മ
ग्ल	ഗ്ല	ड्व	ഡ്വ	द्ध	ദ്ധ	प्य	പ്യ
ग्व	ഗ്വ	ढ्य	ഢ്യ	द्ब	ദ്ബ	प्र	പ്ര
घ्न	ഘ്ന	ण्ण	ണ്ണ	द्ब्र	ദ്ബ്ര	प्ल	പ്ല
घ्य	ഘ്യ	ण्म	ണ്മ	द्भ	ദ്ഭ	प्स	പ്സ
घ्र	ഘ്ര	ण्य	ണ്യ	द्म	ദ്മ	ब्ज	ബ്ജ
ब्द	ബ്ദ	र्ध्व	ർധ്വ	श्व	ശ്വ	स्ख	സ്ഖ
ब्ध	ബ്ധ	ल्क	ല്ക	ष्क	ഷ്ക	स्त	സ്ത
ब्य	ബ്യ	ल्ग	ല്ഗ	ष्क्र	ഷ്ക്ര	स्थ	സ്ഥ
ब्र	ബ്ര	ल्प	ല്പ	ष्ट	ഷ്ട	स्न	സ്ന
भ्ण	ഭ്ണ	ल्म	ല്മ	ष्ट्य	ഷ്ട്യ	स्प	സ്പ
भ्न	ഭ്ന	ल्य	ല്യ	ष्ट्र	ഷ്ട്ര	स्फ	സ്ഫ
भ्य	ഭ്യ	ल्ल	ല്ല	ष्ट्व	ഷ്ട്വ	स्म	സ്മ
भ्र	ഭ്ര	ल्व	ല്വ	ष्ठ	ഷ്ഠ	स्य	സ്യ
भ्व	ഭ്വ	व्य	വ്യ	ष्ठ्य	ഷ്ഠ്യ	स्र	സ്ര

म्म	മ്മ	व्र	വ്ര	ष्ण	ഷ്ണ	ह्ण	ഹ്ണ
म्य	മ്യ	श्च	ശ്ച	ष्प	ഷ്പ	ह्न	ഹ്ന
म्र	മ്ര	श्न	ശ്ന	ष्प्र	ഷ്പ്ര	ह्म	ഹ്മ
म्ल	മ്ല	श्म	ശ്മ	ष्म	ഷ്മ	ह्य	ഹ്യ
म्व	മ്വ	श्य	ശ്യ	ष्य	ഷ്യ	ह्र	ഹ്ര
य्व	യ്വ	श्र	ശ്ര	ष्व	ഷ്വ	ह्ल	ഹ്ല
र्य्य	ര്യ്യ	श्ल	ശ്ല	स्क	സ്ക	ह्व	ഹ്വ

ഒരു പൂർണ്ണമായ അനുനാസികം (ं) മുൻ പ്രസ്താവിച്ച അഞ്ചു വർഗ്ഗത്തിൽ പെട്ട ഏതെങ്കിലും അക്ഷരത്തോടുകൂടി ഉണ്ടായിരിക്കുമ്പോൾ അതിൻെറ ഉച്ചാരണം അനുനാസികത്തിൻെറ പിന്നാലെ ഉച്ചരിക്കുന്ന അക്ഷരം ഏതു വർഗ്ഗത്തിൽ പെട്ടതാണൊ ആ വർഗ്ഗത്തിൻെറ അവസാനത്തിലുള്ള അക്ഷരത്തെപ്പോലെ ആയിരിക്കും.

ഉദാഹരണം:- शंकर ഇവിടെ श കാരത്തിൻെറ മുകളിൽ അനുസ്വാരം ഉണ്ട്. അത് कवर्ग ത്തിൻെറ ആദ്യക്ഷരമായ क എന്നതിൻെറ മുൻപിലാകുന്നു. അതുകൊണ്ട് അനുനാസികത്തിൻെറ ശേഷം കവർഗ്ഗത്തിൽ പെട്ട അക്ഷരമാകുന്നു ഇരിക്കുന്നത്. അതിൻെറ ഉച്ചാരണം കവർഗ്ഗത്തിൽ ഒടുവിലുള്ള ङ എന്ന അക്ഷരത്തിൻെറ ഉച്ചാരണംപോലെ ആയിരിക്കും. शंकर എന്നും

शङ्कर എന്നും ഒന്നുതന്നെ. कंठ ഇവിടെ അനുനാസികത്തിന്റെ ശേഷം टवर्ग ത്തിൽ പെട്ട ठ കാരമാകുന്നു. അതുകൊണ്ട് അതിന്റെ അന്ത്യാക്ഷരമായ ण കാരം വരുന്നു. कंठ कण्ठ ഇത്യാദി.

അർദ്ധാനുനാസികം (ँ) ഇതാകുന്നു. साँभर എന്നാൽ അർദ്ധാനുനാസികമായ അക്ഷരത്തിന്റെ മുകളിൽ ഏതെങ്കിലും സ്വരാക്ഷരമുണ്ടെങ്കിൽ അർദ്ധാനുനാസികത്തിന്റെ സ്ഥാനത്ത് ഒരു അനുസ്വാരം ചേർക്കുന്നു. ഉദാഹരണം गोंद=പശ.

താഴെ കാണിക്കുന്ന മൂന്നു കൂട്ടക്ഷരങ്ങൾ ഒരു പ്രത്യേകമാതിരിയിൽ കൂട്ടിച്ചേർക്കുന്നു.

क्+ष=क्ष, त्+र=त्र, ज्+ञ=ज्ञ, ക്ഷ, ത്ര, ജ്ഞ.

താഴെ കാണിക്കുന്ന ചുവട്ടിൽ കുത്തുള്ള ഏഴക്ഷരങ്ങൾ ഒരു പ്രത്യേകരീതിയിൽ ഉച്ചരിക്കപ്പെടുന്നു.

क क़ ख ख़ ग ग़ ज ज़ ड ड़ ढ ढ़ फ फ़

ഹിന്ദുസ്ഥാനി വായിക്കുവാനുള്ള ചില നിയമങ്ങൾ.

ഹിന്ദിയിലെ അക്ഷരങ്ങൾ സംസ്കൃതത്തിലെ അക്ഷരങ്ങളെപ്പോലെ ആകുന്നു. എന്നാൽ अ, ण, झ എന്നീ മൂന്നക്ഷരങ്ങൾ ഒരു പ്രത്യേകരീതിയിലും എഴുതുന്നുണ്ട്. ग्र എന്നെഴുതിയ ശേഷം അതിന്റെ ഇടത്തുഭാഗത്തുള്ളപോലെ ഒന്നോ രണ്ടോ വരകൂടി ചേർത്ത് ഒരു മാതിരി അകാരം ഉണ്ടാക്കുന്നു. ग्र, ग्र. प എന്നെഴുതി फ എ

ന്നെഴുതുവാൻ പകാരത്തിൻെറ വലത്തുഭാഗത്ത് ഒരു വരയുള്ളതുപോലെ തന്നെ ম এന്നെഴുതീട്ടു ചേർത്താൽ രണ്ടാമത്തെ ഝകാരം ഉണ്ടാകുന്നു. ഉദാ. ऊ. ढ എന്നെഴുതി അതിൻെറ വലത്തുഭാഗത്ത് ആദ്യം നേക്ക് ചുവട്ടിലേക്ക് ഒരു ചെറിയ വരയും രണ്ടാമത് ഒരു വലിയ വരയും ചേർത്താൽ രണ്ടാമത്തെ ണകാരം ഉണ്ടാകുന്നു. ण

താഴെ പറയുന്ന നിയമങ്ങൾ അറിഞ്ഞാൽ ഹിന്ദി വായിക്കുവാൻ വളരെ എളുപ്പം ഉണ്ട്.

സംസ്കൃതത്തിൽ प र മുതലായ അക്ഷരങ്ങളെ ഹലന്തമായി ഉച്ചരിക്കുന്നതിനുവേണ്ടി प् र् ഇങ്ങിനെ ചുവട്ടിൽ ഒരു വര ഇടുന്നു. എന്നാൽ ഹിന്ദിയിൽ പൂർവ്വോക്ത അടയാളമില്ലാതെയും ശബ്ദങ്ങളെ ഹലന്തമായി ഉച്ചരിക്കുന്നു.

ഹിന്ദിയിൽ ഒരു ശബ്ദത്തിലുള്ള ഒടുവിലത്തെ अ കാരത്തെ ഉച്ചരിക്കുന്നില്ല. घर ഇതിൽ രണ്ടു अ കാരമുണ്ട്. ആദ്യത്തെ അകാരത്തെ സ്പഷ്ടമായി ഉച്ചരിക്കണം. घर ഘര്, पार പാര്, राम രാം ഇത്യാദി.

മൂന്നക്ഷരങ്ങളുള്ള ഒരു വാക്യത്തിൽ अ കാരമല്ലാത്ത ഏതെങ്കിലും സ്വരാക്ഷരം ഒടുവിൽ ഉണ്ടായിരുന്നാൽ ആ ശബ്ദത്തിൻെറ നടുവിലുള്ള 'അ'കാരം ഉച്ചരിക്കപ്പെടുന്നില്ല. ഉ— पालकी പാല്കി, कितना കിത്നാ, लड़के ലഡ്കെ.

ഹ്രസ്വ अ കാരാന്തങ്ങളായ മൂന്നക്ഷരങ്ങളുള്ള ഒരു ശബ്ദമാണെങ്കിൽ അതിന്റെ അവസാനത്തെ 'അ'കാരം മാത്രം ഉച്ചരിക്കപ്പെടുന്നില്ല. पलक പലക്, कमर കമർ, चपल ചപൽ.

अ കാരാന്തങ്ങളായ നാലക്ഷരങ്ങളുള്ള ഒരു ശബ്ദമാണെങ്കിൽ രണ്ടാമത്തെയും നാലാമത്തെയും അകാരം ഉച്ചരിക്കപ്പെടുന്നില്ല. ഉ— पलटन പല്ടൻ, मलमल മല്മൽ, बरतन ബർതൻ.

ഈ നിയമം ശ്ലോകത്തെ ബാധിക്കുന്നതല്ല. इ കാരമൊ, ई കാരമൊ, ऊ കാരമൊ, ए കാരമൊ മുൻപിലുള്ള य കാരത്തിലുള്ള അകാരം ഉച്ചരിക്കപ്പെടുന്നു. सिय സിയ, वांछनीय വാഞ്ഛനീയ, अनसूय അനസൂയ, श्रद्धेय ശ്രദ്ധേയ ഇത്യാദി.

അനുസ്വാരമോ, വിസർഗ്ഗമോ കഴിഞ്ഞു വരുന്ന अ കാരത്തെ ഉച്ചരിക്കണം. विध्वंस വിധ്വംസ, दुःख ദുഃഖ, मंद മന്ദ ഇത്യാദി

ഒരു ശബ്ദത്തിന്റെ ഒടുവിലത്തെ അകാരത്തിന്റെ മുമ്പിൽ കൂട്ടക്ഷരമുണ്ടെങ്കിൽ ആ अ കാരം ഉച്ചരിക്കപ്പെടുന്നു. मल्ल മല്ല, निम्न നിമ്ന, पूज्य പൂജ്യ ഇത്യാദി.

पाठ १. പാഠം ൧.

क्या എന്ത്	कितना എത്ര
कौन ആർ	किधर എവിടെ, ഏതുഭാഗത്ത്
कब എപ്പോൾ	कहाँ എവിടെ
क्यों എന്തുകൊണ്ട്	कैसे എങ്ങിനെ

एकवचन ഏകവചനം	**बहुवचन** ബഹുവചനം
उत्तमपुरुष मैं ഞാൻ	हम ഞങ്ങൾ, നമ്മൾ
मध्यम— तू നീ	तुम, आप നിങ്ങൾ, താങ്കൾ
प्रथम— वह അവൻ, അവൾ, അത്.	वे അവർ, അവ

तू എന്ന് സാധാരണയായി ഹിന്ദിയിൽ ഉപയോഗിക്കാറില്ല. ചെറിയ കുട്ടികളെ സംബോധന ചെയ്യുമ്പോഴോ, ദേഷ്യപ്പെടുമ്പോഴോ, ചീത്ത പറയുന്ന സമയത്തോ അത് ഉപയോഗിക്കപ്പെടുന്നു. तुम എന്ന ബഹുവചനശബ്ദം സമന്മാരെയോ, ചിലപ്പോൾ പ്രായം കുറഞ്ഞവരെയോ സംബോധന ചെയ്യുമ്പോൾ ഉപയോഗിക്കപ്പെടുന്നു. आप എന്നത് മദ്ധ്യമപുരുഷനായും, പ്രഥമപുരുഷനായും ഉപയോഗിക്കപ്പെടുന്നു.

സഹായക്രിയയായ हो ആയിരിക്കുക, ഉണ്ടായിരിക്കുക.

सामान्यवर्तमानकाल ഏകവചനം है ആകുന്നു, ഉണ്ട്.

ബഹുവചനം हैं ആകുന്നു, ഉണ്ട്.

എന്നാൽ मैं കർത്താവായിരിക്കുമ്പോൾ हैं എന്നതിൻെറ സ്ഥാനത്ത് അപവാദമായിട്ട് हूँ എന്നും, तुम കർത്താവാണെങ്കിൽ हैं എന്ന് ഉപയോഗിക്കേണ്ട ദിക്കിൽ हो എന്നും വരുന്നു.

मैं हूँ ഞാൻ ആകുന്നു, ഞാനുണ്ട്
हम हैं ഞങ്ങളാകുന്നു, ഉണ്ട്
तू है നീ ആകുന്നു, ഉണ്ട്
तुम हो നിങ്ങൾ ആകുന്നു, ഉണ്ട്
वह है അവൻ ആകുന്നു, ഉണ്ട്
,, അവൾ ആകുന്നു, ഉണ്ട്
,, അത് ആകുന്നു, ഉണ്ട്
वे हैं അവർ ആകുന്നു, ഉണ്ട്
,, അവ ആകുന്നു, ഉണ്ട്

ധാതുക്കൾ എല്ലാം ഏകവചനവിധികൾ ആകുന്നു.

ചില ധാതുക്കൾ (धातु)

आ വരുക	जा പോകുക
बैठ ഇരിക്കുക	उठ എഴുന്നേല്ക്കുക
लिख എഴുതുക	पढ पഠിക്കുക (വായിക്കുക)
सीख പഠിക്കുക	बोल പറയുക
कर ചെയ്യുക	रह താമസിക്കുക, ആയിരിക്കുക, ശേഷിക്കുക

खा തിന്നുക　　　पी കുടിക്കുക

सामान्य वर्तमानकाल

ധാതുവിനോട് ता എന്നു ചേൎത്ത് കൎത്താവിനെ അനുസരിച്ച് हो (ആയിരിക്കുക) എന്ന ധാതുവിന്റെ സാമാന്യവൎത്തമാനകാലരൂപത്തെയും ഉപയോഗിച്ചാൽ എല്ലാ ക്രിയകളുടേയും സാമാന്യവൎത്തമാനകാലം ഉണ്ടാകുന്നു. കൎത്താവ് ता, ते, ती ഇവകളിനെ അനുസരിക്കുകയും ചെയ്യുന്നു.

ता, ते, ती ഇവ. ता കാരാന്തങ്ങളായ പുല്ലിംഗശബ്ദങ്ങൾ ബഹുവചനത്തിൽ ए കാരാന്തങ്ങളായും, സ്ത്രീലിംഗമാണെങ്കിൽ ई കാരാന്തങ്ങളായും പരിണമിക്കുന്നു.

ക്രിയ വചനത്തിലും, ലിംഗത്തിലും, പുരുഷനിലും കൎത്താവിനെ അനുസരിച്ചിരിക്കുന്നു. എന്നാൽ സകൎമ്മക്രിയകളുടെ ചില ഭൂതകാലരൂപങ്ങളിൽ മാത്രം വ്യത്യാസം ഉണ്ടായിരിക്കും. അതിനെ ഇനി വിവരിക്കുന്നതാകുന്നു.

ഹിന്ദീഭാഷയിൽ ഏകവചനം, ബഹുവചനം എന്നീ രണ്ടു വചനങ്ങളും, സ്ത്രീലിംഗം, പുല്ലിംഗം എന്നി രണ്ടു ലിംഗങ്ങളും മാത്രമേ ഉള്ളു.

മുകളിൽ കാണിച്ച ധാതുക്കളിൽ ഒന്നിന്റെ സാമാന്യവൎത്തമാനകാലത്തിന്റെ രൂപങ്ങളെ താഴെ കൊടുക്കുന്നു.

पुल्लिंग പുല്ലിംഗം

एकवचन ഏകവചനം वहुवचन ബഹുവചനം

ഉ. പു. मैं करता हूँ ഞാൻ ചെയ്യുന്നു. हम करते हैं ഞങ്ങൾ ചെയ്യുന്നു

മ. പു. तू करता है നീ ചെയ്യുന്നു तुम करते हो | നിങ്ങൾ ചെയ്യുന്നു
आप करते हैं | താങ്കൾ ചെയ്യുന്നു

പ്ര. പു. वह करता है അവൻ, അതു, ചെയ്യുന്നു वे करते हैं അവർ ചെയ്യുന്നു

स्त्रीलिंग

मैं करती हूँ ഞാൻ ചെയ്യുന്നു हम करती हैं ഞങ്ങൾ ചെയ്യുന്നു
तू करती है നീ ചെയ്യുന്നു तुम करती हो നിങ്ങൾ ചെയ്യുന്നു
आप करती हैं താങ്കൾ ചെയ്യുന്നു
वह करती है അവൾ ചെയ്യുന്നു वे करती हैं അവർ ചെയ്യുന്നു

संज्ञा ചില നാമങ്ങൾ

पानी വെള്ളം दूध പാൽ
रोटी (സ്ത്രീലിംഗം) റൊട്ടി भात ചോറ്
किताब / पुस्तक { പുസ്തകം (സ്ത്രീലിംഗം) काम / काज { പണി ജോലി

वह क्या करता है ? അവൻ എന്തു ചെയ്യുന്നു?
वह सीखता है अവൻ പഠിക്കുന്നു

वह क्या सीखता है? അവൻ എന്ത് പഠിക്കുന്നു?

वह हिन्दी सीखता है അവൻ ഹിന്ദി പഠിക്കുന്നു

कौन हिन्दी सीखता है? ആർ ഹിന്ദി പഠിക്കുന്നു?

मैं हिन्दी सीखता हूं ഞാൻ ഹിന്ദി പഠിക്കുന്നു

तुम कौन हो? നിങ്ങൾ ആരാകുന്നു?

मैं मुकुन्द हूँ ഞാൻ മുകുന്ദൻ ആകുന്നു

तुम क्या करते हो? നീ എന്തു ചെയ്യുന്നു?

मैं दूध पीता हूं ഞാൻ പാൽ കുടിക്കുന്നു

रुग्मिणी क्या खाती है? രുഗ്മിണി എന്തു ഭക്ഷിക്കുന്നു?

वह भात खाती है അവൾ ചോറ് ഉണ്ണുന്നു

तुम क्या खाती हो? നീ എന്താണ് തിന്നുന്നത്?

मैं रोटी खाती हूँ ഞാൻ റൊട്ടി തിന്നുന്നു

जानकी कहाँ जाती है? ജാനകി എവിടെ പോകുന്നു?

आप क्या लिखते हैं? നിങ്ങൾ (താങ്കൾ) എന്ത് എഴുതുന്നു?

मैं तामिल लिखता हूँ ഞാൻ തമിഴ് എഴുതുന്നു

तुम कहाँ जाते हो? നിങ്ങൾ എവിടെക്കു പോകുന്നു?

हम काशी जाते हैं ഞങ്ങൾ കാശിയിൽ പോകുന്നു

वे क्यों बैठते हैं? അവർ എന്തുകൊണ്ട് ഇരിക്കുന്നു?

ललिता क्या भाषा बोलती है? ലലിത എന്തു ഭാഷ പറയുന്നു?

वह संस्कृत बोलती है അവൾ സംസ്കൃതം പറയുന്നു (സംസാരിക്കുന്നു)

आप क्या पढ़ते हैं? നിങ്ങൾ എന്തു പഠിക്കുന്നു?
हम रामायण पढ़ते हैं ഞങ്ങൾ രാമായണം പഠിക്കുന്നു
राम कहाँ रहता है? രാമൻ എവിടെ താമസിക്കുന്നു?
हम उठते हैं ഞങ്ങൾ എഴുന്നേല്ക്കുന്നു.

ഒരാളെ സംബോധന ചെയ്യുമ്പോഴും 'നീ' എന്ന അർത്ഥത്തിൽ तुम എന്ന് ഉപയോഗിക്കാറുണ്ട്.

पाठ ९. പാഠം ൯.

ചില ക്രിയാവിശേഷണങ്ങൾ (क्रियाविशेषण)

हाँ ഉണ്ട്, ഉവ്വ്	न, नहीं ഇല്ല, അല്ല
यहाँ, इधर ഇവിടെ, ഈ ഭാഗത്ത്	वहाँ, उधर അവിടെ, ആ ഭാഗത്ത്
अब ഇപ്പോൾ	तब അപ്പോൾ
खूब ധാരാളം	कम കുറവ്
अभि ഇപ്പോൾ, ഇപ്പോൾ തന്നെ	हमेशा, सदा, नित्य എല്ലായ്പോഴും
बहुत വളരെ	बडा വലിയ
ठीक, बराबर ശരിയായി	फिर പിന്നെയും
आज ഇന്ന്	कल ഇന്നലെ, നാളെ
परसों മററന്നാൾ, മിനിഞ്ഞാന്ന്	ऐसे, यों ഈവിധത്തിൽ, ഇങ്ങിനെ

वैसे ആ വിധത്തിൽ — रोज ദിവസം
बस മതി — रोज, प्रतिदिन ദിവസേന, എന്നും

ഒരു വാക്യത്തെ ചോദ്യരൂപമാക്കണമെങ്കിൽ അതിൻെറ സ്വരത്തെ വ്യത്യാസപ്പെടുത്തിയാൽ മതി. സാധാരണ വാക്യത്തോടുകൂടി क्या എന്നു കൂട്ടിച്ചേർത്താലും മതി. 'आप जाते हैं ?' എന്നു ഉച്ചരിക്കുമ്പോൾ സ്വരത്തെ വ്യത്യാസപ്പെടുത്തിയിട്ടുണ്ട്. താങ്കൾ പോകുന്നുവോ എന്നർത്ഥം. क्या आप जाते हैं ഈ രണ്ടു വാക്യങ്ങളുടേയും അർത്ഥം സമാനമാകുന്നു.

എല്ലാ ധാതുക്കളുടേയും രൂപം आदेश (വിധി) ആകുന്നു. കർത്താവ് तू എന്നായിരിക്കുകയും ചെയ്യും. तू जा, तू बैठ നീ പോ, നീ ഇരിക്ക്. ധാതുവിനോടുകൂടി तुम എന്നു ചേർത്താൽ ബഹുവചനമായി. तुम जाओ നിങ്ങൾ പോകുവിൻ; तुम बैठो നിങ്ങൾ ഇരിക്കുവിൻ. आप എന്ന് കർത്താവായിരിക്കുമ്പോൾ इये എന്ന് ധാതുവിനോടു ചേർക്കണം. आप जाइये, आप बैठिये നിങ്ങൾ പോകുവിൻ, നിങ്ങൾ ഇരിക്കുവിൻ.

എന്നാൽ कर, ले, दे, पी ഈ നാലു ധാതുക്കളുടെ വിധിയിൽ आप കർത്താവായിരിക്കുമ്പോൾ कीजिये, लीजिये, दीजिये, पीजिये എന്നീ രൂപങ്ങളാകുന്നു.

तुम കർത്താവായിരിക്കുമ്പോൾ ले, दे ഇവ രണ്ടിൻെറയും വിധിരൂപം लो, दो എന്നാകുന്നു.

धातु ധാതുക്കൾ

दे കൊടുക്കുക, തരിക	ले വാങ്ങുക, എടുക്കുക
दौड ഓടുക	सो ഉറങ്ങുക
ला കൊണ്ടുവരിക	देख കാണുക, നോക്കുക

ठहर നില്ക്കുക, താമസിക്കുക चल നടക്കുക

आप पानी पीते हैं? നിങ്ങൾ വെള്ളം കുടിക്കുകയാണൊ?

नहीं, मैं दूध पीता हूं അല്ല, ഞാൻ പാൽ കുടിക്കുന്നു

कौन दूध देता है? ആരാണ് പാൽ തരുന്നത്?

गोपाल दूध देता है ഗോപാലനാണ് പാൽ തരുന്നത്

वह अभी लाता है? അവൻ ഇപ്പോൾ തന്നെ കൊണ്ടുവരുന്നുണ്ടോ?

हाँ, वह अभी लाता है? ഉവ്വ്, അവൻ ഇപ്പോൾ തന്നെ കൊണ്ടുവരുന്നുണ്ട്

तुम यहाँ आओ നീ ഇവിടെ വാ

मैं काम देता हूँ ഞാൻ പണി തരാം

वह फिर दौडता है അവൻ പിന്നെയും ഓടുന്നു

वह अब दूध नहीं लेता है അവൻ ഇപ്പോൾ പാൽ മേടിക്കുന്നില്ല

तू क्या देखती है? നീ എന്താകുന്നു കാണുന്നത്?

आप कब सोते हैं? താങ്കൾ എപ്പോൾ ഉറങ്ങുന്നു?

मैं अब नहीं सोता ഞാൻ ഇപ്പോൾ ഉറങ്ങുന്നില്ല

मैं खूब चलता हूँ ഞാൻ നല്ലപോലെ നടക്കുന്നു

अब मैं कहां ठहरता हूँ? ഞാൻ ഇപ്പോൾ എവിടെയാണ് നില്ക്കുന്നത്?

आज तुम ठीक नहीं बोलते हो ഇന്നു നിങ്ങൾ ശരിയായി പറയുന്നില്ല

गोपाल फिर्यों करता है ഗോപാലൻ പിന്നെയും ഇങ്ങിനെ ചെയ്യുന്നു

नारायग रोज़ हिन्दी पढता है നാരായണൻ ദിവസവും ഹിന്ദി പഠിക്കുന്നുണ്ട്.

तुम ऐसा करो നിങ്ങൾ ഇങ്ങിനെ ചെയ്യുവിൻ

तुम कल नहीं आओ, परसों आओ നിങ്ങൾ നാളെ വരേണ്ട, മററന്നാൾ വരുവിൻ

अब आप दूध पीजिये ഇപ്പോൾ നിങ്ങൾ പാൽ കുടിക്കുവിൻ

वह बराबर नहीं അതു ശരിയല്ല

अब बस कीजिये ഇപ്പോൾ മതിയാക്കുവിൻ (അവസാനിപ്പിക്കുവിൻ)

पाठ ३. പാഠം ൩.

विशेषण വിശേഷണങ്ങൾ

यह ഈ	ये ഈ
अच्छा നല്ല	बुरा ചീത്ത
बडा വലിയ	छोटा ചെറിയ

लंबा നീളമുള്ള　　चौडा വീതിയുള്ള

ऊंचा പൊക്കമുള്ള　　नाटा പൊക്കം കുറഞ്ഞ　नीचा താഴ്ന്നയായ

मीठा മധുരമുള്ള　　कडुआ കയ്പുള്ള

मोटा തടിച്ച　　पतला മെലിഞ്ഞ

വിശേഷണങ്ങൾ സാധാരണയായി വിശേഷ്യത്തിന്റെ മുമ്പിലാണ് വരുന്നത്. അതായത് വിശേഷണത്തെ ആദ്യവും വിശേഷ്യത്തെ പിന്നീടും പ്രയോഗിക്കണം. आ കാരാന്തങ്ങളായ വിശേഷണശബ്ദങ്ങൾ, കാരകപ്രത്യയം ചേർന്നിട്ടുള്ള പുല്ലിംഗങ്ങളായ ഏകവചനനാമങ്ങളെ വിശേഷിപ്പിക്കുമ്പോഴും, എനി പറയുവാൻ പോകുന്ന ഗതിസംജ്ഞങ്ങളായ ശബ്ദങ്ങളോടു ചേർന്ന പുല്ലിംഗങ്ങളായ ഏകവചനനാമങ്ങളെ വിശേഷിപ്പിക്കുമ്പോഴും, കാരകപ്രത്യയം ചേർന്നതോ ചേരാത്തതോ, ഗതിസംജ്ഞാശബ്ദങ്ങൾ ചേർന്നതോ ചേരാത്തതോ ആയ പുല്ലിംഗങ്ങളായ ബഹുവചനനാമങ്ങളെ വിശേഷിപ്പിക്കുമ്പോഴും, ए കാരാന്തങ്ങളാകുന്നു. സ്ത്രീലിംഗങ്ങളായ ഏകവചനനാമത്തേയും ബഹുവചനനാമത്തേയും വിശേഷിപ്പിക്കുമ്പോഴും आ കാരാന്തങ്ങളായ വിശേഷണങ്ങൾ ഏകാരാന്തങ്ങളായിത്തീരുന്നു. ഉദാഹരണം:—

अच्छा काम നല്ല ജോലി

अच्छे कामको करो നല്ല ജോലി ചെയ്യു്

अच्छे आम നല്ല മാങ്ങകൾ

अच्छे आमों को खाओ നല്ല മാങ്ങകളെ തിന്നുവിൻ

अच्छी किताब നല്ല പുസ്തകം

अच्छी किताबें നല്ല പുസ്തകങ്ങൾ

ഗതിസംജ്ഞാശബ്ദങ്ങളെ താഴെ വിവരിക്കും.

പുല്ലിംഗനാമങ്ങൾ

घर, मकान വീട് — गाँव ഗ്രാമം

शहर പട്ടണം — कागज़ കടലാസ്സ്

पेड़ മരം, വൃക്ഷം — फल ഫലം

संदूक പെട്ടി

अ കാരാന്തങ്ങളായ പുല്ലിംഗശബ്ദങ്ങളുടെ രൂപം ഏകവചനത്തിലും ബഹുവചനത്തിലും ഒരുപോലെയാകുന്നു. एक फल, दो फल എന്നുദാഹരണം.

यह मकान बड़ा है ഈ വീട് വലിയതാകുന്നു

वह कागज़ चौड़ा है? ആ കടലാസ്സ് വീതിയുള്ളതാകുന്നുവോ?

नहीं, वह लंबा है അല്ല, അതു നീളമുള്ളതാകുന്നു

यह शहर अच्छा है ഈ പട്ടണം നല്ലതാകുന്നു.

वे घर ऊंचे हैं ആ വീടുകൾ വലിയതാകുന്നു (പൊക്കമുള്ളതാകുന്നു)

वह मीठा दूध लाता है അവൻ മധുരമുള്ള പാൽ കൊണ്ടുവരുന്നു

आज रोटी बड़ी पतली है ഇന്ന് റൊട്ടി വളരെ ഘനം കുറഞ്ഞതാകുന്നു

यह किताब बहुत मोटी है ആ പുസ്തകം വളരെ തടിച്ചതാകുന്നു

वह फल क्यों नहीं खाता है? അവൻ എന്തുകൊണ്ടാണ് ഫലം തിന്നാത്തത്?

वह फल कडुआ है ആ ഫലം കയ്പുള്ളതാകുന്നു

यह मीठा है, खाओ ഇതു മധുരമുള്ളതാകുന്നു, തിന്നൊ

यह पेड़ मोटा है ഈ മരം വണ്ണമുള്ളതാകുന്നു

नीग्रो नाटा है നീഗ്രോക്കാരൻ പൊക്കമില്ലാത്തവനാകുന്നു

काबूली ऊंचे हैं കാബൂളികൾ പൊക്കമുള്ളവരാകുന്നു

राधा बुरी भाषा बोलती है രാധ തെററായ ഭാഷ പറയുന്നു

वे घर बहुत छोटे हैं ആ വീടുകൾ വളരെ ചെറിയവയാകുന്നു

वह गाँव बड़ा अच्छा है ആ ഗ്രാമം വളരെ നല്ലതാകുന്നു

ये सन्दूक छोटे हैं ഈ പെട്ടികൾ ചെറിയവയാകുന്നു

पाठ ४. പാഠം ൪.

സംസ്കൃതത്തിലും മലയാളത്തിലും എട്ട് കാരകങ്ങൾ ഉണ്ട്. ഹിന്ദിയിലും അതേമാതിരി തന്നെ. താഴെ അർത്ഥത്തോടുകൂടി കാരകത്തിന്റെ പേരുകളും പ്രത്യയങ്ങളും എഴുതുന്നു.

प्रथमा, कर्ता ... . ने

द्वितीया, कर्म .... को ക്ക്, ന്ന്, നെ, (എ)
तृतीया, करण ... ... से ആൽ, ഓട്, ഊടെ, കൊണ്ട്
चतुर्थी, संप्रदान ... ... को, केलिये, के वास्ते ആയിക്കൊണ്ട്, വേണ്ടി, ക്ക്
पंचमी, अपादान ... से ഇൽനിന്ന്, കാൾ
षष्ठी, संबन्ध ... . का, के, की ഉടെ, ൻെറ, ഉള്ള
सप्तमी, अधिकरण ... में, पर ഇൽ, ഇൽവച്ച്
हे, रे സംബോധനം

സാധാരണയായി പ്രഥമവിഭക്തിപ്രത്യയം ചേക്കാതെയാണ് ഉപയോഗിക്കുന്നത്. എന്നാൽ ഭൂതകാലത്തിൽ ചില കത്താവിനോടുകൂടി ने എന്നു ചേക്കം. അതു മേൽ വിവരിക്കപ്പെടുന്നതാകുന്നു.

ദ്വിതീയ, ഏതെങ്കിലും വിശേഷപുരുഷനേയോ വിശിഷ്ടവസ്തുവിനേയോ കുറിക്കുമ്പോൾ പ്രത്യയം ചേത്തുപയോഗിക്കുന്നു. അല്ലാത്ത സമയത്തു പ്രത്യയം ചേക്കാതെ ഉപയോഗിക്കുന്നു. राजा को देखो ഇവിടെ രാജാവ് വിശിഷ്ടപുരുഷനായതുകൊണ്ട് को എന്ന ദ്വിതീയയുടെ പ്രത്യയം ചേത്തു. गंगा जी को छूकर आनन्द पाओ। ഗംഗയെ സ്പശിച്ചിട്ട് ആനന്ദമനുഭവിപ്പിൻ. ഒരേ വാക്യത്തിൽ വസ്തുവിനെ പറയുന്നതും, പ്രാണിയെ (ജീവനുള്ളതിനെ) പറയുന്നതും ആയ രണ്ടു ശബ്ദങ്ങളുണ്ടെങ്കിൽ പ്രാണിവാചകശബ്ദത്തോടു മാത്രം പ്രത്യയം ചേക്കപ്പെടുന്നു. ഉദാഹരണം:— वह राम को दूध लाता

है അവൻ രാമന്നു പാൽ കൊണ്ടുവരുന്നു. ഇവിടെ दूध ഒരു വസ്തുവായതുകൊണ്ട് को എന്നു് ചേൎത്തില്ല. राम ഒരു ജീവനുള്ള പുരുഷനായതുകൊണ്ട് को എന്നു ചേൎത്തു.

ഷഷ്ഠിയുടെ പ്രത്യയങ്ങളായ का, के, की യെ ഉപയോഗിക്കേണ്ട മാതിരി താഴെ കാണിക്കുന്നു. ഇവയുടെ ഉപയോഗം ശബ്ദങ്ങളുടെ സംബന്ധത്തെ അനുസരിച്ചായിരിക്കും. എൻെറ പുസ്തകം എന്നു പറയുമ്പോൾ ഞാൻ സ്വാമി. പുസ്തകം സ്വം, സ്വം ഗതിസംജ്ഞാശബ്ദങ്ങളോടോ, കാരകപ്രത്യയത്തോടോ ചേരാതിരുന്നാൽ का എന്ന സ്വാമിവാചകശബ്ദത്തിൻെറ ഒടുവിൽ ചേൎക്കുന്നു. राम का घर ഇവിടെ राम ശബ്ദം സ്വാമി. घर സ്വം. घर ശബ്ദത്തോട് യാതൊരു പ്രത്യയമോ ഗതിസംജ്ഞാശബ്ദമോ ചേൎന്നിട്ടില്ല. ഇതു പുല്ലിംഗം ഏകവചനത്തെ സംബന്ധിച്ച നിയമമാകുന്നു. ഒരു പുല്ലിംഗം ഏകവചനശബ്ദത്തോടുകൂടി പ്രത്യയം ചേരുകയോ, ഗതിസംജ്ഞാശബ്ദം ചേൎന്നിരിക്കുകയോ ചെയ്താൽ के എന്നു വരുന്നു. वह राम के घर में है। ഇവിടെ സ്വമായ घर ശബ്ദത്തോടുകൂടി में എന്ന കാരകപ്രത്യയം ചേൎന്നതുകൊണ്ട് സ്വാമിയായ राम ശബ്ദത്തിൻെറ ഒടുവിൽ के എന്ന പ്രത്യയം വന്നു. ഒരു പുല്ലിംഗം ബഹുവചനശബ്ദം പ്രത്യയം ചേൎന്നിരുന്നാലും ഇല്ലെങ്കിലും സ്വാമിവാചകശബ്ദത്തോടുകൂടി के എന്നു വരും. ये राम के घर हैं ഇവ രാമൻെറ വീടുകളാകുന്നു. ഇവിടെ घर ശബ്ദം

ബഹുവചനവും സ്വവാചകവും ആകുന്നു. എന്നാൽ പ്രത്യയം ചേൎന്നിട്ടില്ല. അതുകൊണ്ട് राम ശബ്ദത്തിനോടുകൂടി के വന്നു. പ്രത്യയം ചേൎന്നതിന്നുദാഹരണം: ये राम के घरों में हैं ഇവർ രാമന്റെ വീടുകളിൽ ആകുന്നു. ഇവിടെയും മുൻപിലത്തെപ്പോലെ തന്നെ.

സ്വം സ്ത്രീലിംഗമാണെങ്കിൽ ഏകവചനത്തിലും ബഹുവചനത്തിലും സ്വാമിവാചകശബ്ദത്തോടുകൂടി की എന്നു പ്രയോഗിക്കുന്നു. राम की बेटी अच्छी है രാമന്റെ മകൾ നല്ലവളാകുന്നു. राम की बेटी को दूध दो രാമന്റെ മകൾക്കു പാൽ കൊടുക്കുക. राम की बेटियाँ गाती हैं രാമന്റെ പുത്രിമാർ പാടുന്നു.

താഴെ घर എന്ന പുല്ലിംഗനാമത്തിന്റെ എല്ലാം വിഭക്തികളുടെ രൂപങ്ങളേയും കൊടുക്കുന്നു.

कर्ता	गर, घरने	घर, घरों ने
कर्म	घर, घर को	घर, घरों को
करण	गर से	घरों से
संप्रदान	घरको, घरके लिये, वास्ते	घरों, को, घरों के लिये, घरों के वास्ते
अपादान	घर से	घरों से
संबन्ध	घर का, घर के, घर की	घरों का, घरों के, घरों की
अधिकरण	घर में, घर पर	घरों में, घरों पर

संबोधन हे घर, रे घर   हे घरो, रे घरो

വിഭക്തിപ്രത്യയം ചേരുമ്പോൾ ബഹുവചനത്തിൽ ओं എന്നു ചേക്കണം. ഏകവചനത്തിൽ അതു് ആവശ്യമില്ല. आदमी आदमिओं ने, लडकी लडकियां ने ഇത്യാദി.

ഗതിസംജ്ഞാശബ്ദങ്ങളെ താഴെ കാണിക്കുന്നു.

ऊपर	മുകളിൽ	नीचे	താഴത്ത്
बाहर	പുറത്ത്	भीतर, अन्दर	അകത്ത്
पास, नजदीक	അടുക്കൽ, അടുക്കെ	सामने	മുൻപിൽ
पश्चात, बाद	പിന്നെ, ശേഷം	पहिले, पेश्तर	ആദ്യം, മുമ്പ്, പണ്ട്
आगे	മുമ്പിൽ, മുൻപേ	पीछे	പിന്നിൽ, പിന്നാലെ
बिना, बगैर	കൂടാതെ, അല്ലാതെ	साथ	കൂടെ, ഒരുമിച്ച്
बीच	നടുവിൽ		

ഇവയെ ഉപയോഗിക്കുമ്പോൾ के എന്നു് മുൻപിലുള്ള പദത്തോടു് ചേക്കണം. राम के पीछे രാമന്റെ പിന്നിൽ ഇത്യാദി. मैं, तू എന്നതിന്റെ ഷഷ്ഠിവിഭക്തിയുടെ ഏകവചനത്തോടും ബഹുവചനത്തോടും ചേക്കുമ്പോൾ रे എന്നു ഉപയോഗിക്കും. ഉ— मेरे पास എന്റെ അടുക്കൽ तुम्हारे आगे നിങ്ങളുടെ മുമ്പിൽ. बाद

ഇത്യാദി ചില ശബ്ദങ്ങൾ ക്രിയാപദങ്ങളോട ചേക്കുമ്പോൾ ഈവിധം രൂപമാകുന്നു. तुम दूध पीने के बाद पढ़ो നീ പാൽ കുടിച്ചതിന്റെ ശേഷം പഠിക്ക്.

താഴെ പറയുന്ന ശബ്ദങ്ങളുടെ പ്രയോഗത്തിൽ പൂൎവ്വം की എന്നു വരുന്നതാകുന്നു. യുഷ്മത്തിന്നും അസ്മത്തിന്നും री എന്നും

तरफ़ ഭാഗം . जगह സ്ഥലം, പകരം

बाबत കുറിച്ച്, പററി, വിഷയത്തിൽ तरह പോലെ

ഉ — राम की बाबत രാമനെപ്പററി मेरी बाबत എന്നെക്കുറിച്ച്.

ചില നാമങ്ങൾ

पत्थर കല്ല്	मिट्टी മണ്ണ്
कुआँ കിണർ	तालाब കുളം
छाता കുട	धूप വെയിൽ
तारा നക്ഷത്രം	सूरज സൂൎയ്യൻ
चांद ചന്ദ്രൻ	चान्दनी നിലാവ്
दिन ദിവസം, പകൽ	रात രാത്രി
पाठशाला } പാഠശാലാ	अध्यापक } ഉപാദ്ധ്യായൻ
मदरसा } പള്ളിക്കൂടം	उस्ताद } മാസ്റ്റർ
उजाला പ്രകാശം	अंधेरा ഇരുട്ട്

ചില ധാതുക്കൾ

डूब മുങ്ങുക | तैर നീന്തുക
जाग ഉണരുക, ഉറക്കമില്ലാതാകുക | जगा ഉണർത്തുക
खोल തുറക്കുക | भाग ഓടുക
उड पറക്കുക | गा പാടുക

मत അരുത്. നിഷേധാത്മകമായ ഈ ശബ്ദം വിധിക്രിയയോടു മാത്രമേ ചേർക്കുകയുള്ളൂ. मत जाओ പോകരുത്. मेरे पास मत बैठो എൻെറ അടുക്കൽ ഇരിക്കരുത്.

यह गोपाल का घर है ഇതു ഗോപാലൻെറ വീടാകുന്നു

गोपाल के घर में कौन रहता है ഗോപാലൻെറ വീട്ടിൽ ആർ താമസിക്കുന്നു?

गोपाल के घर में अध्यापक रहते हैं ഗോപാലൻെറ വീട്ടിൽ ഉപാദ്ധ്യായൻ താമസിക്കുന്നു

रात में कौन उजाला देता है രാത്രിയിൽ ആർ പ്രകാശം തരുന്നു

रात में तारे उजाला देते हैं രാത്രിയിൽ നക്ഷത്രങ്ങൾ വെളിച്ചം തരുന്നു

तुम कहाँ रहते हो ? നിങ്ങൾ എവിടെ താമസിക്കുന്നു?

तुम कहाँ सोते हो ? നീ എവിടെ ഉറങ്ങുന്നു?

मैं चांदनी में सोता हूँ ഞാൻ നിലാവത്ത് ഉറങ്ങുന്നു

तुम अब से चांदनी में मत सोओ നീ ഇപ്പോൾ മുതൽ (എന്നി) നിലാവത്ത് ഉറങ്ങരുത്

नारायण की किताब मुकुंद की किताब से मोटी है. നാരായണന്റെ പുസ്തകം മുകുന്ദന്റെ പുസ്തകത്തെക്കാൾ തടിച്ചതാകുന്നു

दिन में उजाला सूरज से आता है പകൽ പ്രകാശം സൂര്യനിൽനിന്ന് വരുന്നു

आज क्यों अन्धेरा है? ഇന്ന് എന്താണ് ഇരുട്ട്?

आज अमावस्या है ഇന്നു അമാവാസി (വാവ്) ആകുന്നു

तुम धूप में मत जाओ നീ വെയിലത്ത് പോകരുത്

तुम कब जगती हो? നീ എപ്പോഴാണ് ഉണരുന്നത്?

मैं प्रात:काल जगती हूँ ഞാൻ രാവിലെ ഉണരുന്നു

राम दिन में सोता है? രാമൻ പകൽ ഉറങ്ങുന്നുണ്ടോ?

वह दिन में कभी नहीं सोता അവൻ പകൽ ഒരിക്കലും ഉറങ്ങുന്നില്ല (ഉറങ്ങുകയില്ല)

माधव तालाब में खूब तैरता है മാധവൻ കുളത്തിൽനല്ലവണ്ണം നീന്തുന്നു

नारायण के घर में बहुत कमरे हैं നാരായണന്റെ വീട്ടിൽ വളരെ മുറികൾ ഉണ്ട്

सीता के घर में दामोदर की किताब है സീതയുടെ വീട്ടിൽ ദാമോദരന്റെ പുസ്തകം ഉണ്ട്

तुम छाता खोलो നീ കുട തുറക്ക്

बड़ी धूप है വല്ലാത്ത വെയിലുണ്ട്

कुएँ का पानी अच्छा नहीं है കിണററിലെ വെള്ളം നന്നല്ല

वह तालाब का पानी पीता है അവൻ കുളത്തിലെ വെള്ളം കുടിക്കുന്നു

पत्थर पानी में डूबता है കല്ല് വെള്ളത്തിൽ മുങ്ങുന്നു (താഴുന്നു)

कृष्ण गोविन्द को जगाता है കൃഷ്ണൻ ഗോവിന്ദനെ ഉണർത്തുന്നു

त्रिविक्रम कृष्ण की तरह गाता है ത്രിവിക്രമൻ കൃഷ്ണനെപ്പോലെ പാടുന്നു

गोविंद घर से अभी बाहर जाता है ഗോവിന്ദൻ വീട്ടിൽനിന്ന് ഇപ്പോൾ പുറത്തു പോകുന്നു

रोज़ मैं नारायण के पहिले सोता हूँ എന്നും ഞാൻ നാരായണന്റെ മുമ്പ് ഉറങ്ങുന്നു

यह पेड़ घर के सामने है ഈ മരം വീട്ടിന്റെ മുമ്പിലാകുന്നു

तुम पेड़ के नीचे क्यों बैठते हो? നീ മരത്തിന്റെ ചുവട്ടിൽ എന്തുകൊണ്ടാണ് ഇരിക്കുന്നത്?

क्यों कि वहाँ अच्छी छाया है എന്തെന്നാൽ അവിടെ നല്ല നിഴലുണ്ട്

राम पानी में उतरता है രാമൻ വെള്ളത്തിൽ ഇറങ്ങുന്നു

देखो, अब वह तैरता है നോക്ക്, ഇപ്പോളവൻ നീന്തുന്നു

मैं पाठशाला की तरफ़ जाता हूँ ഞാൻ പാഠശാലയിലേക്കു (നേക്കു) പോകുന്നു

कृष्ण की जगह आज कौन काम करता है? കൃഷ്ണൻെറ സ്ഥാനത്ത് ഇന്ന് ആരാണ് പണി എടുക്കുന്നത്?

आप नहीं जानते, मोहनदास करता है താങ്കൾ അറിയുന്നില്ലേ, മോഹനദാസനാണ് (പണി) എടുക്കുന്നത്

वे राम के उस्ताद हैं? അദ്ദേഹം രാമൻെറ ഉപാദ്ധ്യായനാണോ?

नहीं, वे अमीर अली के उस्ताद हैं അല്ല, അദ്ദേഹം അമീർ അലിയുടെ ഉപാദ്ധ്യായനാകുന്നു

वह कमरे के अन्दर सोता है അവൻ മുറിയുടെ അകത്ത് ഉറങ്ങുന്നു

तुम राम के बाद क्यों उठते हो? നീ രാമൻെറ പിമ്പെ എന്തുകൊണ്ടാണ് എഴുനേല്ക്കുന്നത്?

क्योंकि मैं राम के बाद सोता हूं എന്തെന്നാൽ ഞാൻ രാമൻെറ പിൻപാണ് ഉറങ്ങുന്നത്

कल से तुम पहिले उठो നാളെ മുതൽ നീ മുൻപേ എഴുനേല്ക്കു

राम के घर के पीछे एक बडा कूआँ है രാമൻെറ വീട്ടിൻെറ പിന്നിൽ ഒരു വലിയ കിണർ ഉണ്ട്

संदूक कोठरी के बीच है പെട്ടി മുറിയുടെ നടുവിൽ ആകുന്നു

मुकुंद रोज़ माधव के साथ पाठशाला जाता है മുകുന്ദൻ ദിവസംതോറും മാധവൻെറ കൂടെ പാഠശാലിയൽ പോകുന്നു

राम के बिना सीता नहीं खाती है രാമനില്ലാതെ സിത ഭക്ഷണം കഴിക്കുന്നില്ല

मेरा घर मदरसे के नज़दीक है എന്റെ വീട് പള്ളിക്കൂടത്തിന്റെ അടുക്കൽ ആകുന്നു

तुम पहिले जाओ, मैं पीछे आता हूँ നീ മുമ്പെ പോ, ഞാൻ പിന്നാലെ വരുന്നു.

पाठ ५. പാഠം ൫.

സർവ്വനാമശബ്ദങ്ങൾക്ക് ഏഴ് വിഭക്തികൾ മാത്രമേ ഉള്ളു. അവക്കു സംബോധന ഇല്ല.

उत्तमपुरुष एकवचन, मैं എന്നാകുന്നു ഞാൻ എന്നർത്ഥം.

ഏകവചനത്തിൽ ഏതെങ്കിലും കാരകപ്രത്യയം (വിഭക്തിപ്രത്യയം) ചേരുമ്പോൾ मैं എന്നത് मुझ എന്നായിത്തീരുന്നു. എന്നാൽ ने ചേരുമ്പോൾ അതു വരികയില്ല. സ്വതവേ ഉള്ള രൂപം തന്നെ ആയിരിക്കും. ഷഷ്ഠിയുടെ രൂപം മാത്രം താഴെ പറയുന്നവിധത്തിൽ മാറുന്നതാകുന്നു. मेरा, मेरे, मेरी ।

उत्तमपुरुष बहुवचन, हम ഞങ്ങൾ, നമ്മൾ, നാം എന്നർത്ഥം

हम എന്നത് വിഭക്തിപ്രത്യയം ചേരുമ്പോൾ അതേ രൂപത്തിൽ ഇരിക്കും എന്നാൽ ഷഷ്ഠിവിഭക്തിയുടെ രൂപം हमारा, हमारे, हमारी എന്നാകുന്നു.

ഏകവചനം	ബഹുവചനം
मैं, मैंने	हम, हमने
मुझे, मुझ को	हमें, हम को
मुझ से	हम से
मुझ को, मेरे लिये, मेरे वास्ते	हम को, हमारे लिये हमारे वास्ते
मुझ से	हम से
मेरा, मेरे, मेरी	हमारा, हमारे, हमारी
मुझ में, मुझ पर	हम में, हम पर

मध्यमपुरुष 'तू' മദ്ധ്യമപുരുഷൻ 'നീ'

തൂ എന്നത് വിഭക്തിപ്രത്യയം ചേരുമ്പോൾ तुझे എന്നായിത്തീരുന്നു. എന്നാൽ ने പ്രത്യയം വരുമ്പോൾ तू എന്നുതന്നെ ഇരിക്കും. ഷഷ്ഠിയിൽ മാത്രം तेरा, तेरे, तेरी എന്നു രൂപമാകുന്നു. ദ്വിതീയയിൽ ഏകവചനരൂപം तुझे എന്നും ഉണ്ട്.

ബഹുവചനത്തിൽ വിഭക്തിപ്രത്യയം ചേരുമ്പോൾ പ്രകൃതിക്കു യാതൊരു മാററവും ഇല്ല. तुम എന്നു തന്നെ ഇരിക്കും. എന്നാൽ ഷഷ്ഠിവിഭക്തിയിൽ तुम्हारा, तुम्हारे, तुम्हारी എന്നാകുന്നു രൂപം. ദ്വിതീയയിൽ तुम्हें എന്നും ഒരു രൂപമുണ്ട്.

आप എന്നത് വിഭക്തിപ്രത്യയം ചേരുമ്പോൾ അങ്ങിനെ തന്നെ ഇരിക്കും.

ഏകവചനം	ബഹുവചനം
तू तूने	तुम तुमने
तुझे, तुझ को	तुम्हें, तुम को
तुझ से	तुम से
तुझ को, तेरे लिये तेरे वास्ते	तुम को तुम्हारे लिये, वास्ते
तुझ से	तुम से
तेरा, तेरे, तेरी	तुम्हारा, तुम्हारे, तुम्हारी
तुझ में, तुझ पर	तुम में, तुम पर

अन्यपुरुष वह അവൻ, അവൾ, അത്.

वह എന്നത് ഏതെങ്കിലും കാരകപ്രത്യയം ചേരുമ്പോൾ ഏകവചനത്തിൽ उस എന്നായിത്തീരുന്നു. ദ്വിതീയയിൽ उसे എന്ന ഒരു രൂപവും കൂടി ഉണ്ട്.

ബഹുവചനമായ वे എന്നത് കാരകപ്രത്യയം ചേരുമ്പോൾ उन എന്നായിത്തീരുന്നു. എന്നാൽ उन्हों ने എന്ന് പ്രഥമാബഹുവചനത്തിലും उन्हें എന്ന് ദ്വിതീയാബഹുവചനത്തിലും വിശേഷം.

ഏകവചനം	ബഹുവചനം
वह, उस ने	वे, उन्हों ने
उसे, उस को	उन्हें, उन को
उस से	उन से
उस को, उस के वास्ते, उस के लिये	उन को, उन के लिये- वास्ते

उस से	उन से
उस का, उस के, उस की।	उन का, उन के, उन की।
उस में, उस पर	उन में, उन पर

वह, वे എന്നത് എങ്ങിനെ വിഭക്തിപ്രത്യയം ചേരുമ്പോൾ उस, उन എന്നായിത്തീരുന്നുവോ അതേ മാതിരി यह ये എന്നത് इस, इन ആയിത്തീരുന്നു. അതായത് മുൻപു പറഞ്ഞ രൂപത്തേക്കാൾ उ എന്ന സ്ഥാനത്ത് इ എന്നാകുമെന്നു മാത്രം വിശേഷം. यह ഇവൻ, ഇവൾ, ഇത് ये · ഇവർ, ഇവ എന്നൎത്ഥം. प्रश्नवाचक सर्वनाम कौन ചോദ്യത്തിന്നായി ഉപയോഗിക്കുന്നത്. कौन ആർ. ഇതും वह वे എന്നുള്ളതിന്റെ മാതിരി തന്നെ. उ എന്ന സ്ഥാനത്ത് कि എന്നു വരുമെന്നു മാത്രം വിശേഷം. പ്രഥമയിൽ ഏകവചനവും ബഹുവചനവും कौन എന്നുതന്നെയാകുന്നു. ഉ— किस का, किन का, किस ने, किन्हों ने ഇത്യാദി. प्रश्नवाचक सर्वनाम क्या എന്ത് എന്നൎത്ഥം. ഇതിന്റെ ഏകവചനബഹുവചനങ്ങളിൽ രൂപം തുല്യമാകുന്നു. ജീവനില്ലാത്ത വസ്തുക്കളെപ്പററി ചോദിക്കുമ്പോൾ क्या എന്ന് ഉപയോഗിക്കപ്പെടുന്നു. कौन എന്നത് ജീവനുള്ളതിനെപ്പററി പറയുമ്പോഴും, ഇല്ലാത്തതിനെപ്പററി പറയുമ്പോഴും ഉപയോഗിക്കപ്പെടുന്നു. രൂപങ്ങൾ താഴെ കാണിക്കുന്നു.

प्रथमा } क्या
द्वितीया }

चतुर्थी-काहे को, के लिये, के वास्ते
षष्ठी- काहे का, काहे के, काहे की

5 *

तृतीया
पंचमि } काहे से   सप्तमी- काहे में, काहे पर

पाठ ६. പാഠം ൬.

संबन्धवाचक सर्वनाम 'जो' യാവനൊരുത്തൻ, യാവളൊരുത്തി, യാതൊന്ന്, യാതൊരു. ഇതിൻെറ ബഹുവചനവും जो എന്നുതന്നെയാകുന്നു. वह, वे എന്നത് പ്രത്യയം ചേരുമ്പോൾ എങ്ങിനെ उस, उन എന്നാകുന്നുവോ അതു മാതിരി ഇതും जिस, जिन എന്നാകുന്നു. उ എന്നതിൻെറ സ്ഥാനത്ത് जि എന്നാകുമെന്നു മാത്രം വിശേഷം.

परस्पर संबन्धवाचक 'सो' ശബ്ദം. ഇതും വിഭക്തിപ്രത്യയം ചേരുമ്പോൾ वह, वे എന്നതിനോടു തുല്യമാകുന്നു. उ എന്നതിൻെറ സ്ഥാനത്ത് ति എന്നാകുമെന്നു മാത്രം വിശേഷം.

अनिश्चयवाचक सर्वनाम कोई ഏതെങ്കിലും, ആരെങ്കിലും, ഏതൊ, ആരൊ. വിഭക്തിപ്രത്യയം ചേരുമ്പോൾ कोई ഏകവചനത്തിൽ किसी എന്നും; ബഹുവചനത്തിൽ किन्हीं എന്നും മാറുന്നു.

अनिश्चयवाचक सर्वनाम 'सब' എല്ലാം എന്നർത്ഥം. ഇത് ഏകവചനത്തിൽ ഒരിക്കലും ഉപയോഗിക്കുകയില്ല. ഇതിൻെറ രൂപങ്ങളെ താഴെ ചേർക്കുന്നു.

प्र- सब, सब ने, सभों ने   च- सब को सब के लिये- वास्ते

द्वि- सब, सब को सभों को   सभों को, सभों के लिये- वास्ते

तृ, प- सब से, सभों से   ष- सब का, सब के, सब की

सभों का, सभों के, सभों की

स- सब में- पर, सभों में- पर

संज्ञा ശബ്ദങ്ങൾ

नाम പേർ	घोडा കുതിര
कुत्ता നായ്	गाय പശു
भैंस എരുമ	हाथी ആന
जानवर മൃഗം	सींग കൊമ്പ്
पूँछ വാൽ	आदमी, शकूस, मनुष्य മനുഷ്യൻ
मोर മയിൽ	चिडिया, പക്ഷി

क्रियायें ക്രിയകൾ

पूछ ചോദിക്കുക	सुन കേൾക്കുക
बुला വിളിക്കുക	चढ़ കയറുക
उतर ഇറങ്ങുക	उड़ പറക്കുക

जो आदमी यहाँ अताहै उसका नाम क्या है? ഇവിടെ വരുന്ന മനുഷ്യൻെറ പേർ എന്താകുന്നു?

उस को तुम बुलाओ അവനെ നീ വിളിക്ക്

तुम्हारा नाम क्या है? നിങ്ങളുടെ പേർ എന്താകുന്നു?

मेरा नाम जनार्दन है എൻെറ പേർ ജനാർദ്ദനനെന്നാകുന്നു

तुम कहाँ जाते हो. നീ എവിടെ പോകുന്നു

मैं पाठशाला जाता हूँ ഞാൻ പാഠശാലയിൽ പോകുന്നു

तुम्हारे साथ कौन है നിന്റെ കൂടെ ആരുണ്ട്

मेरी बहिन है എന്റെ സഹോദരി ഉണ്ട്

उस का नाम क्या है? അവളുടെ പേർ എന്താകുന്നു?

उस का नाम जानकी है അവളുടെ പേർ ജാനകി എന്നാകുന്നു

वह कहाँ जाती है? അവൾ എവിടെ പോകുന്നു?

वह मेरे साथ आती है അവൾ എന്റെ കൂടെ വരുന്നു

कुत्ता तुम्हारे घर के बाहर है നായ നിങ്ങളുടെ വീട്ടിന്റെ പുറത്താകുന്നു

उस की गाय अभी बाहर से आती है അവന്റെ പശു ഇപ്പോൾ തന്നെയാണ് പുറത്ത് നിന്ന് വരുന്നത്

वह आजकल दूध नहीं देती है അവൾ ഇയ്യിടെ പാൽ തരുന്നില്ല

राम की भैंस बहुत दूध देती है രാമന്റെ എരുമ വളരെ പാൽ തരുന്നുണ്ട്

सीता, तुम कोठरी के अन्दर क्या करती हो? സീതെ, നീ മുറിയുടെ ഉള്ളിൽ എന്തു ചെയ്യുന്നു?

मैं यहाँ गाती हूँ ഞാൻ ഇവിടെ പാടുന്നു

वे रोज़ घोड़े पर बैठते हैं അവർ എന്നും കുതിരപ്പുറത്ത് ഇരിക്കുന്നു

तुम पेड पर से उतरो നീ മരത്തിൽ നിന്ന് ഇറങ്ങ്

हम हाथी पर चढ़ते हैं ഞങ്ങൾ ആനപ്പുറത്ത് കയറുന്നു

उस के सींग पकडो അതിൻെറ കൊമ്പുകളെ പിടിക്ക്

गाय घोडे से छोटी है പശു കുതിരയെക്കാൾ ചെറിയതാ
കുന്നു

तुम्हारा घर मेरे घर के नज़दीक है നിങ്ങളുടെ വീട് എ
ൻെറ വീട്ടിൻെറ അടുക്കലാകുന്നു

राम, तुम उड़ते हो? രാമാ, നീ പഠിക്കുന്നുവോ?

नहीं, मैं नहीं उडता ഇല്ല, ഞാൻ പറക്കുന്നില്ല

चिडिया उडती है പക്ഷിയാണ് പറക്കുന്നത്

मैं चिडिया नहीं हूँ ഞാൻ പക്ഷിയല്ല

सब चिडियों में मोर अच्छा है എല്ലാ പക്ഷികളിലും വെ
ച്ച് മയിൽ നല്ലതാകുന്നു

यह जिस की गाय है वह उस घर में रहता है ഇത് ആരു
ടെ പശുവാകുന്നുവോ അവൻ ആ വീട്ടിൽ താ
മസിക്കുന്നു

तुम मत दौडो, यह सुनो നീ ഓടരുത്, ഇത് കേൾക്ക്

उन से पूछो राम कहाँ संस्कृत सीखता है അവരോട് ചോ
ദിക്ക് രാമൻ എവിടെയാണ് സംസ്കൃതം പഠിക്കുന്നത്

वे कहते हैं राम राष्ट्रीयपाठशाला में सीखता है രാമൻ രാഷ്ട്രീ
യപാഠശാലയിലാകുന്നു സംസ്കൃതം പഠിക്കുന്നതെ
ന്നവർ പറയുന്നു

वे सब अच्छे हैं അവർ എല്ലാം നല്ലവർ ആകുന്നു

ललिता सब को बुलाती है ലലിത എല്ലാംവരേയും വിളിക്കുന്നു

तुम यहाँ काहे को बैठती हो? നീ എന്തിനാണ് ഇവിടെ, ഇരിയ്ക്കുന്നത്?

सब किताबों में रामायण बडी है എല്ലാം പുസ്തകങ്ങളിലും വെച്ച് രാമായണം വലിയതാകുന്നു

तुलसी दासजी का रामायण बड़ा अच्छा है തുളസീദാസരുടെ രാമായണം വളരെ നല്ലതാകുന്നു

मैं उस को रोज सुनता हूँ ഞാൻ അതിനെ നിത്യവും കേൾക്കുന്നു

तुम उसे किस के पास से सुनते हो നീ അതിനെ ആരുടെ അടുക്കൽ നിന്നിട്ടാണ് കേൾക്കുന്നത്

मैं रामशास्त्री से सुनता हूँ ഞാൻ രാമശാസ്ത്രിയുടെ അടുക്കൽ നിന്ന് കേൾക്കുന്നു

यह काम तुम किस के वास्ते करते हो? ഈ പണി നീ ആൎക്കുവേണ്ടി ചെയ്യുന്നു?

यह चिडिया मेरे घर के ऊपर उडती है ഈ പക്ഷി എൻെറ വീട്ടിൻെറ മുകളിൽ കൂടി പറക്കുന്നു

ये काहे का जल पीती हैं ഇവർ എന്ത് വെള്ളമാണ് കുടിക്കുന്നത്

वे हमेशा कूएँ का पानी पीते हैं അവർ എല്ലായ്പ്പോഴും കിണററിലെ വെള്ളം കുടിക്കുന്നു

तालाब का पानी अच्छा नहीं है കുളത്തിലെ വെള്ളം നല്ല
തല്ല

वह क्यों अच्छा नहीं है? അത് എന്തുകൊണ്ട് നല്ലതല്ല?

वहाँ से पानी बाहर नहीं जाता അവിടെ നിന്ന് വെള്ളം പു
റത്തു പോകുന്നില്ല

क्या आपने समझा है? നിങ്ങൾക്ക് മനസ്സിലായൊ?

पाठ ७. പാഠം ൭.

लिंग ലിംഗം

ഹിന്ദിഭാഷയിൽ പുല്ലിംഗമെന്നും സ്ത്രീലിംഗമെന്നും രണ്ടു ലിംഗം മാത്രമേ ഉള്ളൂ. പ്രാണനുള്ളവയുടെ ലിംഗത്തെ അറിയുവാൻ ബുദ്ധിമുട്ടില്ല. എന്നാൽ ജീവനില്ലാത്ത വസ്തുക്കളുടെ ലിംഗത്തെ അറിയുവാൻ വളരെ ബുദ്ധിമുട്ടാകുന്നു. അതുകൊണ്ട് അങ്ങിനെയുള്ള വസ്തുക്കളുടെ ലിംഗത്തെ അറിയുവാൻ ചില ഉപായത്തെ (നിയമത്തെ) താഴെ കൊടുക്കുന്നു.

१. आ കാരാന്തങ്ങളായ ശബ്ദങ്ങൾ സാധാരണയായി പുല്ലിംഗങ്ങളാകുന്നു. ഉദാഹരണം:- घोड़ा=കുതിര, लड़का=ആൺകുട്ടി. എന്നാൽ दवा=മരുന്ന്, हवा=കാററ്, सजा=ശിക്ഷ, दुनिआ=ലോകം. മുതലായ ശബ്ദങ്ങൾ സ്ത്രീലിംഗങ്ങളാകുന്നു.

൨. മലകളുടെ പേരുകൾ പുല്ലിംഗങ്ങളാകുന്നു. ഉദാഹരണം:- धवलगिरि, मेरु മുതലായവ.

൩. ആഴ്ചയുടേയും മാസങ്ങളുടേയും പേരുകൾ പുല്ലിംഗങ്ങളാകുന്നു. ഉ— रविवार, मंगलवार, आषाढ, वैशाख ഇത്യാദി.

൪. ഗ്രഹങ്ങളുടെ പേരുകൾ പുല്ലിംഗങ്ങളാകുന്നു. सूर्य, चन्द्र, गुरु ഇത്യാദി.

൫. आव, पन, पा, त्व ഇവയിൽ അവസാനിക്കുന്ന ശബ്ദങ്ങൾ പുല്ലിംഗങ്ങളാകുന്നു. बहाव=ഒഴുക്ക്, बचपन=കുട്ടിക്കാലം, बुढ़ापा=വാർദ്ധക്യം, मनुष्यत्व=മനുഷ്യനാവു എന്നുള്ളത്.

൬. ഹ്രസ്വ अ കാരാന്തങ്ങളായ ശബ്ദങ്ങൾ സാധാരണ പുല്ലിംഗങ്ങളാകുന്നു. पत्थर=കല്ല്, घर, काग़ज़ ഇത്യാദി. എന്നാൽ पूँछ, किताब, मूँछ=വാൽ, പുസ്തകം, മീശ മുതലായ ശബ്ദങ്ങൾ മുൻപറഞ്ഞ നിയമത്തിന്റെ അപവാദങ്ങളാകുന്നു. (ഇവ സ്ത്രീലിംഗങ്ങളാകുന്നു.)

സ്ത്രീലിംഗം

൧. നദികളുടെ പേരുകൾ സ്ത്രീലിംഗങ്ങളാകുന്നു. गोदावरी, गंगा, यूरल ഇത്യാദി.

൨. ई കാരാന്തത്തിൽ അവസാനിക്കുന്ന ശബ്ദങ്ങൾ സാധാരണ സ്ത്രീലിംഗങ്ങളാകുന്നു. रोटी=റൊട്ടി, छडी=വടി, टोपी=തൊപ്പി, रस्सी=കയറ്. എന്നാൽ

താഴെ പറയുന്നവ പുല്ലിംഗങ്ങൾ ആകുന്നു. घी=നെയ്യ്, जी=മനസ്സ്, पानी=വെള്ളം, दही=തൈര്, मोती=മുത്ത് ഇത്യാദി.

ई, ता, वट, हट ഇവയിൽ അവസാനിക്കുന്ന നാമങ്ങൾ സ്ത്രീലിംഗങ്ങളാകുന്നു. कडाई=കടപ്പം, बुद्धिमत्ता=ബുദ്ധിമത്ത, रुकावट=തടസ്ഥം, चिल्लाहट=മുറവിളി

ഭാഷകളുടെ പേരുകൾ സ്ത്രീലിംഗങ്ങളാകുന്നു. संस्कृत, तामिल, फ्रेंच ഇത്യാദികൾ ഉദാഹരണം.

അനേകശബ്ദങ്ങൾ സംസ്കൃതത്തിൽ നിന്ന് ഉല്പന്നങ്ങളായിട്ടുണ്ട്. അവയുടെ ലിംഗങ്ങൾ സംസ്കൃതത്തിലെപ്പോലെ ഹിന്ദിയിലും അറിഞ്ഞുകൊള്ളുക. സംസ്കൃതത്തിൽ നപുംസകലിംഗങ്ങളായിട്ടുള്ളവ ഹിന്ദിയിൽ പ്രായേണ പുല്ലിംഗങ്ങൾ ആകുന്നു. नर, देश ഹിന്ദിയിലും സംസ്കൃതത്തിലും ഇവയുടെ ലിംഗം ഒരുപോലെയാകുന്നു. जल, ज्ञान ശബ്ദങ്ങൾ സംസ്കൃതത്തിൽ നപുംസകലിംഗങ്ങളാകുന്നു. എന്നാൽ ഹിന്ദിയിൽ അവ പുല്ലിംഗങ്ങളാകുന്നു. माला, विद्या ഇവ സംസ്കൃതത്തിലെപ്പോലെ ഹിന്ദിയിലും സ്ത്രീലിംഗങ്ങൾ തന്നെ. എന്നാൽ സംസ്കൃതത്തിൽ നപുംസകലിംഗങ്ങളായ पुस्तक മുതലായ ശബ്ദങ്ങൾ ഹിന്ദിയിൽ സ്ത്രീലിംഗങ്ങളാകുന്നു.

तुम उस के लडके के पास मत जाओ നീ അവന്റെ മകന്റെ അടുക്കൽ പോകരുത്

मेरी माला कहाँ है? എന്റെ മാല എവിടെയാകുന്നു?
वह माधव के पास है അതു മാധവന്റെ അടുക്കലാകുന്നു
वह अच्छी विद्या सीखता है അവൻ നല്ല വിദ്യ പഠിക്കുന്നു
भारत हमारा देश है ഭാരതം നമ്മുടെ ദേശമാകുന്നു
चन्द्र से सूर्य बडा है ചന്ദ്രനെക്കാൾ സൂര്യൻ വലിയതാകുന്നു

यह कौन मास है? ഇതേതു മാസമാകുന്നു?
यह कार्तिक मास है ഇതു കാർത്തികമാസമാകുന്നു
बचपन के बाद जवानी आती है ബാല്യാവസ്ഥക്കു ശേഷം യൌവനം വരുന്നു
बुढ़ापे में भी बहुत लोग काम करते हैं വാർദ്ധക്യത്തിലും വളരെ ആളുകൾ പണി എടുക്കുന്നു
उस की बात क्यों पूछते हो അവന്റെ സംഗതി എന്തിന്നു ചോദിക്കുന്നു?

आज यूरोप की बड़ी बुरी हालत हैं ഇന്ന് (ഇപ്പോൾ) യൂറോപ്പ് വളരെ നികൃഷ്ടസ്ഥിതിയിലാകുന്നു
यहां बहुत पंजाबी सिपाही हैं ഇവിടെ വളരെ പഞ്ചാബി ശിപായികൾ ഉണ്ട്
लक्ष्मी की माला का वह मोती अच्छा है ലക്ഷ്മിയുടെ മാലയുടെ ആ മുത്ത് നല്ലതാകുന്നു
वह बड़ी कडाई से काम लेता हैं അവൻ വളരെ കടുപ്പമായി പണി എടുപ്പിക്കുന്നു.

इस पाठशाला के लड़के बड़ी चिल्लाहट करते हैं ഈ പാഠശാലയിലെ കുട്ടികൾ വളരെ മുറവിളി കൂട്ടുന്നു

अब रूस जाने की रुकावट है ഇപ്പോൾ റഷ്യയിൽ പോകുവാൻ തടസ്ഥം ഉണ്ട്

गोखले जी की बुद्धिमत्ता की बात तुम पूछते हो? ഗോഖലയുടെ ബുദ്ധിമത്തയുടെ കാര്യമാണൊ നിങ്ങൾ ചോദിക്കുന്നത്?

अब मद्रासी भी हिन्दी बोलते हैं ഇപ്പോൾ മദ്രാസികളും ഹിന്ദി സംസാരിക്കുന്നുണ്ട

यूरल एशिया और यूरप के बीच है യൂരൾ ഏഷ്യായും യൂറോപ്പിനും നടുവിൽ ആകുന്നു

अब पंजाब जाने के लिये किसी को रुकावट नहीं है ഇപ്പോൾ പഞ്ചാബിൽ പോകുവാൻ ആൎക്കും തടസ്ഥമില്ല.

पाठ ८. പാഠം ൮.

वचन വചനം

മുൻപ് പ്രസ്താവിച്ചമാതിരി ഹിന്ദിഭാഷയിൽ ഏകവചനമെന്നും ബഹുവചനമെന്നും രണ്ടു വചനം മാത്രമേ ഉള്ളു. आदमी (മനുഷ്യൻ) बैल (കാള) शेर (സിംഹം) रीछ (കരടി) बन्दर (കുരങ്ങൻ) ഇത്യാദി ചില ശബ്ദങ്ങളുടെ രൂപം ഏകവചനത്തിലും ബഹുവചനത്തിലും ഒരുപോലെയാകുന്നു. ഈ വിധത്തിലുള്ള

ശബ്ദങ്ങളുടെ വചനത്തെ ക്രിയയെക്കൊണ്ടും വിശേഷണംകൊണ്ടും തിരിച്ചറിയുവാൻ കഴിയും. ഉദാഹരണം:- आदमी आता है ഒരു മനുഷ്യൻ വരുന്നു. ഇവിടെ आता है എന്ന ക്രിയ ഏകവചനമാകുന്നു. आदमी आते हैं മനുഷ്യർ വരുന്നു. ഇവിടെ आते हैं ബഹുവചനമാകുന്നു. अच्छा बैल നല്ല കാള. अच्छे बैल നല്ല കാളകൾ.

ചില സമയത്ത് ബഹുവചനത്തെ സ്പഷ്ടമാക്കുന്നതിന്നു വേണ്ടി जाति, गण, लोग, जन, वर्ग ഇവയെ കൂട്ടിച്ചേക്കുന്നു. ഉദാഹരണം- मनुष्यजाति, मित्रगण, व्यापारीलोग, बन्धुवर्ग, गुरुजन ഇവിടെ വ്യാപാരികൾ, സ്നേഹിതന്മാർ ഇത്യാദി അത്ഥമാകുന്നു.

താഴെ ഏകവചനരൂപത്തെ ബഹുവചനരൂപമാക്കുവാനുള്ള ചില നിയമങ്ങളെ കാണിക്കുന്നു.

അകാരാന്തങ്ങളായ സ്ത്രീലിംഗശബ്ദങ്ങൾ ബഹുവചനത്തിൽ ഏകാരാന്തങ്ങളാവുന്നതാണ്. आंख കണ്ണ് आंखें കണ്ണുകൾ. ഇവിടെ അവസാനത്തെ अ, ए എന്നായി മാറി. किताब പുസ്തകം किताबें പുസ്തകങ്ങൾ.

आ കാരാന്തങ്ങളായ സ്ത്രീലിംഗനാമങ്ങളുടെ ബഹുവചനരൂപത്തോട് एं എന്നും यें എന്നും കൂട്ടിച്ചേക്കണം. ഉദാഹരണം:- माला ഒരു മാല मालायें മാലകൾ लताएं ലതകൾ.

ആകാരാന്തങ്ങളായ പുല്ലിംഗനാമങ്ങൾ ബഹുവ

ചനത്തിൽ ഏകാരാന്തങ്ങളാവുന്നതാണ്. घोड़ा ഒരു കുതിര ഏകവചനം घोड़े കുതിരകൾ ബഹുവചനം लड़का, लड़के ।

इ കാരാന്തങ്ങളെ ബഹുവചനമാക്കുന്നതിന്ന് याँ എന്നു ചേൎക്കണം. ഉദാഹരണം:- गति, गतियाँ, मति, मतियाँ ।

ई കാരാന്തങ്ങളായ സ്ത്രീലിംഗശബ്ദങ്ങളെ ബഹുവചനമാക്കുന്നതിന്ന് ई കാരത്തെ इ എന്ന് ഹ്രസ്വമാക്കി याँ എന്നു ചേൎക്കണം. चाबी താക്കോൽ चाबियाँ താക്കോലുകൾ. स्त्री, स्त्रियाँ ।

उ കാരാന്തശബ്ദങ്ങളെ ബഹുവചനമാക്കുവാൻ അവയോട് एँ എന്നോ यें എന്നോ ചേൎക്കണം. ऊ കാരത്തെ उ എന്ന് ഹ്രസ്വമാക്കി एँ എന്നോ यें എന്നോ ചേൎക്കണം. ഉദാഹരണം:- वस्तु=वस्तुएँ, वस्तुयें । बहू പുത്രഭാൎയ്യ बहुएँ बहुयें ।

यहाँ कितने आदमी आते हैं ? ഇവിടെ എത്ര ആളുകൾ വരുന്നുണ്ട്?

शेर रींछ के पीछे नहीं दौडते हैं സിംഹം കരടിയുടെ പിന്നാലെ ഓടുന്നില്ല

मुनिलोग भगवान के दास हैं മുനികൾ ഈശ്വരൻെറ ദാസന്മാരാകുന്നു

यहाँ के व्यापारी लोग अच्छा व्यापार करते हैं ഇവിടെയുള്ള വ്യാപാരികൾ നല്ല വ്യാപാരം ചെയ്യുന്നു

पार्वती रोज अच्छी मालायें लाती है പാർവ്വതി എന്നും നല്ല മാലകൾ കൊണ്ടുവരുന്നു

उस के घोडों पर कौन बैठते हैं? അവൻെറ കുതിരകളിൽ ആർ ഇരിക്കുന്നു?

मेरे घर की चाबियाँ राम के पास है എൻെറ വീട്ടിൻെറ താക്കോലുകൾ രാമൻെറ അടുക്കലാകുന്നു

उस की वस्तुयें बडी अच्छी हैं അവൻെറ വസ്തുക്കൾ വളരെ നല്ലതാകുന്നു

सीता की लड़कियाँ खूब गाती हैं സീതയുടെ പെൺകുട്ടികൾ ധാരാളം പാടുന്നുണ്ട്

तुम ऐसा घी कहां से लाते हो? നിങ്ങൾ ഇങ്ങിനെയുള്ള നെയ്യ് എവിടെ നിന്ന് കൊണ്ടുവരുന്നു?

आप की किताबें किस में हैं? നിങ്ങളുടെ പുസ്തകങ്ങൾ ഏതിലാണ്?

वह उन्हें आज नहीं बुलाता അവൻ അവരെ ഇന്ന് വിളിക്കുന്നില്ല

मैं मुकुन्दलाल मारावडी की दुकान से लाता हूं ഞാൻ മുകുന്ദലാൽ മാർവാഡിയുടെ പീടികയിൽ നിന്ന് കൊണ്ടുവരുന്നു

वे अलमारी में हैं അവ അലമാരിയിൽ ആകുന്നു

शरदकी रातें बडी लंबी हैं ശരല്ക്കാലത്തിലെ രാത്രികൾ വളരെ ദീൎഘങ്ങളാണ്

मैं रीछ के पास नहीं जाता ഞാൻ കരടിയുടെ അടുക്കൽ പോകുന്നില്ല

पटवर्धन शेर के पास भी जाते हैं പടവൎദ്ധനൻ സിംഹത്തിന്റെ അടുക്കലും പോകുന്നുണ്ട്

वह हमेशा उस के साथ क्यों रहता है അവൻ എല്ലായ്പ്പോഴും അവന്റെ കൂടെ എന്തുകൊണ്ടാണ് താമസിക്കുന്നത്

वे आदमी नहीं, बुरे जानवर हैं അവർ മനുഷ്യരല്ല, ദുഷ്ടമൃഗങ്ങളാണ്

सूरज के पास कोई नहीं जाता സൂൎയ്യന്റെ അടുക്കൽ ആരും പോകുന്നില്ല

मद्रासी हिन्दुस्तानी की तरह भी गाता है മദ്രാസി ഹിന്ദുസ്ഥാനിയെപ്പോലെയും പാടുന്നു

पाठ ९. പാഠം ൯.

संज्ञायें നാമങ്ങൾ

पाठ, सबक പാഠം

वाक्य, जुमला വാക്യം

हरुफ़, अक्षर അക്ഷരം

ज़बान, भाषा ഭാഷ

शब्द, लफ़ज ശബ്ദം

क्या स्वराज्य ऐसे कौंसिलों से मिलेगा സ്വരാജ്യം ഇങ്ങിനെയുള്ള കൌൺസിലുകളിൽനിന്നു കിട്ടുമോ?

इसलिये आप किसी को कौंसिलों में मत भेजिये അതുകൊണ്ടുനിങ്ങൾ ആരെയും കൌൺസിലിൽ അയയ്ക്കരുത്.

इस हालत में वोट मत दीजिये ഈ സ്ഥിതിക്ക് (ആൎക്കും) വോട്ടു കൊടുക്കരുത്.

पाठ १७. പാഠം ൧൭.

വേരച്ചങ്ങൾ. (കൃദന്തം) Participles.

വൎത്തമാനകാലത്തിലെ പേരച്ചങ്ങളെപ്പററി ഞങ്ങൾ എഴുതിയിട്ടുണ്ട്. ധാതുവിനോടുകൂടി ता എന്നു ചേൎത്ത് അതിനോടുകൂടി हुआ എന്നു ചേൎത്തും ചേൎക്കാതെയും ഉപയോഗിക്കുന്നു. आ, ए, ई രൂളിനെ അനുസരിക്കുകയും വേണം. ഉദാഹരണം — वह बैठता— बैठता हुआ बोलता है അവൻ ഇരുന്നുംകൊണ്ട് സംസാരിക്കുന്നു. ഭൂതകാലത്തിലെ പേരച്ചം സാമാന്യഭൂതകാലം തന്നെ ആകുന്നു. അതിനോടുകൂടി हुआ എന്ന് ചേൎത്തും ചേൎക്കാതെയും ഉപയോഗിക്കാം. वह बैठा—बैठा हुआ बोला അവൻ ഇരുന്നുകൊണ്ട് സംസാരിച്ചു.

പോയിട്ട്, വന്നിട്ട് ഇത്യാദി കൃദന്തശബ്ദങ്ങൾ ധാതുരൂപം തന്നെയും, कर എന്നോ के എന്നോ ധാതുവിനോട ചേർത്തിട്ടും ചേക്കാതെയും ഉണ്ടാവുന്നു. ഉദാഹരണം— वह मुझ से यह बोल— बोल कर- बोल के गया അവൻ എന്നോട ഇതു പറഞ്ഞിട്ടു പോയി.

Present perfect continuous.

मैं चार बजे से गाता रहा हूँ ഞാൻ നാലു മണി മുതൽ പാടിക്കൊണ്ടിരിക്കുന്നു. मैं कल चार बजे से गाता रहा था ഞാൻ ഇന്നലെ നാലു മണി മുതൽ പാടിക്കൊണ്ടിരുന്നു. मैं कल चार बजे से गाता रहूंगा ഞാൻ നാളെ നാലു മണി മുതൽ പാടിക്കൊണ്ടിരിക്കും.

ही എന്ന ശബ്ദം നാമങ്ങളോടോ ക്രിയാവിശേഷണങ്ങളോടോ, ക്രിയകളോടോ ചേക്കുന്നതായാൽ അവയെ ബലപ്പെടുത്തുന്നു. ചില ശബ്ദങ്ങളോട അതിനെ ചേർത്താൽ വേറിട്ടു കാണുകയില്ല. ഉദാഹരണം— वह + ही = वही അവൻ തന്നെ, तब + ही = तभी, അപ്പോൾ തന്നെ, सभी, कभी, जभी, कहाँ + ही = कहीं ഏവിടെയൊ, वहीं അവിടെ തന്നെ, यहीं, जहीं ഇത്യാദി. ही എന്നതിന്നു സംസ്കൃതത്തിലെ एव എന്നൊ മലയാളത്തിലെ 'തന്നെ' എന്നൊ അത്ഥം ആകുന്നു.

खबर വത്തമാനം	अखबार പത്രം
कोशिश, यत्न യത്നം	मुनाफ़ा, फ़ायदा, लाभ ലാഭം

दोस्त, मित्र സ്നേഹിതൻ	दुश्मन, शत्रु ശത്രു
अनाज ധാന്യം	गेहूँ ഗോതമ്പ്
चावल അരി	दाल പരിപ്പ്
शाम വൈകുന്നേരം	सबेरा, सुबह രാവിലെ
चर्खा നൂൽ നൂല്ക്കുന്ന യന്ത്രം	दोपहर, दुपेर മദ്ധ്യാഹ്നം
वजन ഭാരം	दाम വില
गाडी വണ്ടി	पहिया ചക്രം
चोटी തലമുടി	पसंद ഇഷ്ടം
खोज അന്വേഷിക്കുക	छींक തുമ്മുക
फूंक ഊതുക	थूक തുപ്പുക
जल കത്തുക എരിയുക, പൊള്ളുക	जला കത്തിക്കുക
हट മാറുക, പിന്മാറുക	हटा മാററുക
छान അരിക്കുക	छीन തട്ടിപ്പറിക്കുക.
पूरा പൂൎണ്ണമായ	सारा എല്ലാം
अलग വേറെ	गरीब ദരിദ്രൻ
जरा കുറച്ച്	वेचारा സാധു
अमीर, दौलतमन्द ധനവാൻ	ज्यों ही എങ്ങിനെ (സംയോജകശബ്ദം)

आज कल मेरे दोस्त की कुछ भी ख़बर नहीं मिलती ഇയ്യിടെ എന്റെ സ്നേഹിതന്റെ യാതൊരു വൎത്തമാനവും കിട്ടുന്നില്ല.

मैं बहुत कोशिश करता हूँ तब भी अच्छे अखबार नहीं पाता ഞാൻ വളരെ പരിശ്രമിക്കുന്നുണ്ട്. എന്നിട്ടും നല്ല പത്രങ്ങൾ കിട്ടുന്നില്ല.

गेहूँ से चावल महँगा हैं ഗോതമ്പിനെക്കാൾ അരി വില കൂടിയതാകുന്നു.

महादेव सुबह और शाम टहलने जाता है മഹാദേവൻ രാവിലെയും വൈകുന്നേരവും ലാത്തുവാൻ പോകുന്നു.

मैं मोटर से घोडा गाडी को पसंद करता हूँ ഞാൻ മോട്ടോറെക്കാൾ കുതിരവണ്ടി ഇഷ്ടപ്പെടുന്നു.

इस चरखे का वज़न बहुत नहीं है ഈ ചർക്കയ്ക്കു അധികം ഘനമില്ല.

इस कडी धूप में जाने से मेरे पैर जलेंगे ഈ കഠിനവെയിലത്ത് പോകുന്നതുകൊണ്ടു എന്റെ കാൽ പൊള്ളിപ്പോകും.

मद्रासी मर्द भी औरतों की तरह बहुत चोटी रखते हैं മദ്രാസി പുരുഷന്മാരും സ്ത്രീകളുടെ മാതിരി വളരെ ശിഖ (തലമുടി) വെയ്ക്കുന്നു.

रामने कहा 'सीता कहाँ गई? उस को खोजो രാമൻ പറഞ്ഞു 'സീത എവിടെ പോയി? അവളെ അന്വേഷിക്ക്.

जिन्हों ने पंजाबियों को सताया वे सभी भारतवासियों के दुश्मन हैं പഞ്ചാബികളെ ഉപദ്രവിച്ചവർ എല്ലാവരും ഭാരതീയരുടെ ശത്രുക്കളാകുന്നു.

इस का दाम दो रूपये हैं; और इसी को वह दस रुपये में बेचता है ഇതിൻെറ വില രണ്ടു ഉറുപ്പിക ആകുന്നു; ഇതിനെത്തന്നെ അവൻ പത്തുറുപ്പികക്കു വില്ക്കുന്നു.

देखो, कितना मुनाफ़ा पाता है നോക്കുക, എത്ര ലാഭം കിട്ടുന്നുണ്ട്.

तुम कैसे बेवक़ूफ़ हो! क्या कोई दोपहर को टहलने जावेगा നീ എങ്ങിനത്തെ വിഡ്ഢിയാണ്? ആരെങ്കിലും ഉച്ചക്കു ലാത്തുവാൻ പോകുമോ.

बार बार जुलाब लेना अच्छा नहीं है പിന്നെയും പിന്നെയും വയറിളക്കുന്നതു നല്ലതല്ല.

पाठशाला जाते हुए तुम क्यों लडते हो? പാഠശാലയിൽ പോകുമ്പോൾ നീ എന്തിനാണ് ശണ്ഠകൂട്ടുന്നത്?

वह छींकता है; इसलिये तुम बाहर मत निकलो। यह ठीक हैं? അവൻ തുമ്മുന്നു; അതുകൊണ്ടു നീ പുറത്തു പുറപ്പെടരുത്. ഇതു ശരിയാകുന്നുവോ?

मद्रास में अनाज को नाप कर देते हैं, प्रयाग में तौल कर മദ്രാസിൽ ധാന്യം അളന്നിട്ടു കൊടുക്കുന്നു. പ്രയാഗയിൽ തൂക്കിയിട്ടും.

तुम यहाँ से हटो നീ ഇവിടെനിന്ന് മാറ്.

वह बार बार थूकता है അവൻ പിന്നെയും പിന്നെയും തുപ്പുന്നു.

वह उस की बात ही नहीं सुनती है; वह बेचारा क्या करेगा? അവൾ അവൻെറ വാക്കു കൂടി കേൾക്കുന്നില്ല; ആ സാധു എന്തു ചെയ്യും?

दूध को फूंक कर ठंढा करना अच्छी नहीं പാൽ ഊതി തണുപ്പിക്കുന്നതു നന്നല്ല.

जिन दांतों को हम देखते हैं उन से ही हाथी नहीं खाता യാതൊരു ചില പല്ലുകളെ നാം കാണുന്നുവോ അവയെ കൊണ്ടു തന്നെ ആന തിന്നുന്നില്ല.

खाने के वास्ते अलग दांत हैं തിന്നുന്നതിന്നു വേണ്ടി വേറെ പല്ലുണ്ട്.

सारे सतानेवालों को उन्हों ने अभी तक नहीं हटाया എല്ലാം ഉപദ്രവികളേയും അവർ ഇതുവരെയും മാററിയിട്ടില്ല.

ज्यों ही पुलिसको देखता है त्योंही यह धनी डर जाता है പോലീസ്സിനെ കാണുന്ന മാത്രയിൽ ഈ ധനികൻ പേടിച്ചുപോകുന്നു.

इस गरीबने ज़रा भी दाल नहीं खायी होगी ഈ സാധു സ്വല്പംപോലും പരിപ്പ് കഴിച്ചിരിക്കുകയില്ല.

यह तुम को कभी दुःख नहीं दे सकता है ഇവനു നിങ്ങളെ ഒരിക്കലും ദുഃഖിപ്പിക്കുവാൻ കഴിയുകയില്ല.

तुम इस वक्त कहीं मत जाओ നീ ഈ സമയത്ത് ഒരിടത്തും പോകരുത്.

वह जहाँ मिले वहीं उस को पकडो അവനെ എവിടെ കണ്ടുകിട്ടുന്നുവോ അവിടെത്തന്നെ അവനെ പിടിക്കുക.

मैंने रुपयों को वहीं रखदिया ഞാൻ ഉറുപ്പിക അവിടെത്തന്നെ വെച്ചു.

जहाँ तहाँ रखना अच्छा नहीं അങ്ങുമിങ്ങും വെക്കുന്നതു നന്നല്ല.

मैंने ऐसी किताब कहीं भी नहीं देखी ഞാൻ ഇങ്ങിനെയുള്ള പുസ്തകം ഒരിടത്തും കണ്ടില്ല.

वह सुबह से अब तक कातती रही है അവൾ രാവിലെ മുതൽ ഇപ്പോൾ (ഇതു) വരെ നൂററുകൊണ്ടിരുന്നു.

मैं कल दिनभर लिखता रहा ഞാൻ ഇന്നലെ പകൽ മുഴുവൻ എഴുതിക്കൊണ്ടിരുന്നു.

पाठ १८. പാഠം ൧൮.

കമ്മണിപ്രയോഗം (കമ്മത്തിൽ ക്രിയ)

കമ്മത്തിൽ ക്രിയ ഉണ്ടാക്കേണ്ട രീതി. കത്തരിപ്രയോഗത്തിലെ ക്രിയയെ കമ്മണിപ്രയോഗത്തിൽ കമ്മത്തിൻെറ ലിംഗവചനത്തെ അനുസരിച്ച സാമാന്യഭൂതമാക്കുക അതിനോടുകൂടെ ജാനാ എന്ന ധാതുവിൻെറ രൂപത്തേയും കത്തരിപ്രയോഗത്തിലെ ക്രിയയുടെ കാലത്തെ അനുസരിച്ച കമ്മത്തിൻെറ ലിംഗവചനങ്ങൾക്ക

നുരൂപമായി ചേക്കുക. होना ധാതുവിൻെറ രൂപത്തെ യും യുക്തംപോലെ ചേക്കേണ്ടതാണ്. ഉദാഹരണം— मैं चिट्ठी लिखता हूँ ഞാൻ എഴുത്ത് എഴുതുന്നു. मुझ से चिट्ठी लिखी जाती है എന്നാൽ എഴുത്ത് എഴുതപ്പെടുന്നു. ഇവിടെ കത്തരിപ്രയോഗത്തിലെ लिख എന്ന ക്രിയ വ ത്തമാനകാലവും, चिट्ठी എന്ന കമ്മശബ്ദം സ്ത്രീലിംഗം ഏകവചനവും ആകുന്നു. അതുകൊണ്ടു लिख ക്രിയയെ കമ്മത്തെ അനുസരിച്ചു സ്ത്രീലിംഗം ഏകവചനം लिखी എന്നാക്കി അതു വത്തമാനകാലമായിരുന്നതുകൊണ്ട് जाती എന്നതും വത്തമാനമായി. ഇപ്രകാരം ഭൂതഭാവി യുടെയും ഉദാഹരണം കാണിക്കുന്നു. मैं ने चिट्ठी लिखी ഞാൻ എഴുത്തെഴുതി. मुझ से चिट्ठी लिखी गई എന്നാൽ എഴുത്തെഴുതപ്പെട്ടു मैं चिट्ठी लिखूंगा ഞാൻ എഴുത്തെഴു തും. मुझ से चिट्ठी लिखी जायगी എന്നാൽ എഴുത്ത് എ ഴുതപ്പെടും. ഇത്യാദി.

താഴെ പറയുന്ന നിയമങ്ങളെ അനുസരിച്ച് അക മ്മകധാതുക്കളെ സകമ്മകധാതുക്കളായും സകമ്മകങ്ങ ളെ പ്രയോജകങ്ങളായും മാററുവാൻ കഴിയും.

൧. अ കാരാന്തങ്ങളായ കമ്മമില്ലാത്ത ധാതുക്കളു ടെ ഒടുവിലുള്ള अ കാരത്തെ आ കാരമാക്കി സകമ്മകമാ ക്കുക. वा എന്ന് ചേത്തിട്ടു പ്രേരണയാക്കുക. ക്രമേണ ഉദാഹരണം— चल നടക്കുക, चला നടത്തുക, चलवा നടത്തിക്കുക.

൨. രണ്ടക്ഷരമുള്ള ധാതുക്കളുടെ ആദ്യത്തെ അക്ഷരത്തോട आ, ई ऊ ഇവയിൽ ഏതെങ്കിലും ഒരു സ്വരാക്ഷരം ചേൎന്നിരുന്നാൽ അതിനെ अ, इ, उ എന്ന ഹ്രസ്വമാക്കി മേൽ വിവരിച്ച നിയമത്തെ അനുസരിച്ചാൽ മേല്പറഞ്ഞപ്രകാരമുള്ള വിധത്തിൽ രൂപഭേദവും അൎത്ഥഭേദവും വരുന്നതാകുന്നു. जाग ഉണരുക. जगा ഉണൎത്തുക. जगवा ഉണൎത്തിപ്പിക്കുക. सीख പഠിക്കുക. सिखा പഠിപ്പിക്കുക. सिखवा അന്യനെക്കൊണ്ടു പഠിപ്പിക്കുക. घूम തിരിയുക. घुमा തിരിക്കുക. घुमवा തിരിപ്പിക്കുക.

ആദ്യത്തെ അക്ഷരത്തോടുകൂടി ए കാരമൊ ओ കാരമൊ ഉണ്ടെങ്കിൽ അവയെ इ എന്നും उ എന്നുമായി മാററണം. ഉദാഹരണം - देखना दिखाना, बोलना बुलाना ഇത്യാദി.

ധാതുവിന്നു ഒരക്ഷരം മാത്രമാണെങ്കിൽ അതിനോടുകൂടെ ദീൎഘമായ സ്വരാക്ഷരം ചേൎന്നിട്ടുണ്ടെങ്കിൽ അതിനെ ഹ്രസ്വമാക്കി ला എന്നു ചേൎക്കുക. ഹ്രസ്വമാക്കുമ്പോൾ ए കാരത്തെ इ കാരമാക്കുകയും ओ കാരത്തെ उ കരമാക്കുകയും വേണ്ടതാകുന്നു.

पी-पिला, जी-जिला, सी-सिला, देख-दिखा, बोल-बुला।

ഈ നിയമത്തിൽനിന്നു ഭിന്നിച്ച ചില ധാതുക്കളുടെ രൂപത്തെ താഴെ കാണിക്കുന്നു.

टूट	तोड	तुडवा
विक	बेच	बिकवा
फ़ूट	फ़ाड	फ़डवा ഇത്യാദി.

सडक നിരത്തു (റോഡ്)	खेत വയൽ (കണ്ടം)
नौकर, चाकर ഭൃത്യൻ	सौदागर, व्यापारी കച്ചവടക്കാരൻ
कब्ज മലബന്ധം	चश्मा കണ്ണട
फुरसत, अवकाश സമയം	तबियत, स्वास्थ्य ശരീരസ്ഥിതി
शिकायत ആവലാതി	कसूर, गुनाह അപരാധം
रियाया ഇളവ്	लेख, उपन्यासं ഉപന്യാസം
व्याख्यान, भाषण तकरीर പ്രസംഗം	सदर, सभापति സഭാനാഥൻ
उपन्यास നോവൽ	किस्सा, कहानी കഥാ
झूठ കളവ്	सच സത്യം
आग തീയ്യ്	चूल्हा അടുപ്പ്
हड्डी എല്ല്	बर्तन പാത്രം
दुलहा വരൻ	दुलहिन വധു
बरात വിവാഹഘോഷം	रसोई പാചകം (വെപ്പ്)
महीन നേരിയ	मोटा തടിച്ച (കട്ടികൂടിയ)
मीठा മധുരമുള്ള	बीमार രോഗി
मांगना ചോദിക്കുക	मंगाना വരുത്തുക
मालूमहो അറിയുക	पैदा हो ഉണ്ടാവുക

पैदा कर { ജനിപ്പിക്കുക / ഉണ്ടാക്കുക }　　खेल കളിക്കുക

बक ചിലയ്ക്കുക　　कांप വിറയ്ക്കുക

मांज തേയ്ക്കുക (പാത്രം)　　बो നടുക

खो കളയുക　　सो ഉറങ്ങുക

इस खेत में गेहूँ नहीं पैदाहोता ഈ വയലിൽ ഗോതമ്പ് ഉണ്ടാകുന്നില്ല.

इस सड़क से बहुत सी गाडियाँ जाती हैं ഈ പാതയിൽ കൂടി വളരെ വണ്ടികൾ പോകുന്നുണ്ട്.

उन के घरपर बर्तन मांजने के वास्ते चार नौकर हैं അവരുടെ വീട്ടിൽ പാത്രം തേയ്ക്കുന്നതിന്നു നാലു വാലിയക്കാർ ഉണ്ട്.

जब जोर से हवा चलती है तब सभी दरख्त कांपने लगते हैं എപ്പോൾ കേമമായി കാററ് അടിക്കുമോ അപ്പോൾ എല്ലാം വൃക്ഷങ്ങളും വിറയ്ക്കുവാൻ തുടങ്ങുന്നു.

चावल को खूब महीन पीसना चाहिये അരി നല്ലവണ്ണം (തരിയില്ലാതെ) പൊടിക്കണം.

वहाँ क्यों भीड़ है ? അവിടെ എന്താണ് തിരക്ക്?

अब वहाँ से रामस्वामी की बरात निकलेगी ഇപ്പോൾ അവിടെ നിന്നു രാമസ്വാമിയുടെ വിവാഹഘോഷം പുറപ്പെടും.

कल उसकी शादी होगी നാളെ അവന്റെ വിവാഹം ഉ
ണ്ടാവും.

तुमने चश्मा किस डाक्टर से लिया നീ ഏതു ഡാക്കുറോടാ
ണ് കണ്ണട മേടിച്ചത്.

इस में मेरा कसूर नहीं था ഇതിൽ എന്റെ കുററം ഇല്ലാ
യിരുന്നു.

मैंने डा॰ भरद्वाजजी से लिया ഞാൻ ഡാക്കുർ ഭരദ്വാജനോ
ടു മേടിച്ചു.

मैंने उस से कहदिया ഞാൻ അവനോടു പറഞ്ഞു.

उस को फुरसत नहीं इसलिये वह नहीं आसका അവനു സ
മയം ഇല്ല. അതുകൊണ്ട് അവനു വരുവാൻ
കഴിഞ്ഞില്ല.

आप मेरी शिकायत करें तो मैं क्या करूँ നിങ്ങൾ എന്നെപ്പ
ററി ആവലാതിപ്പെട്ടാൽ ഞാൻ എന്തു ചെയ്യും?

उन औरतों का कुछ भी गुनाह नहीं था तब भी उन पर जुल्म
किया गया ആ സ്ത്രീകളുടെ യാതൊരു കുററവും ഇ
ല്ലായിരുന്നു. എന്നിട്ടും അവരിൽ അക്രമം ചെയ്യ
പ്പെട്ടു

आजकल अखबारों के लेख बड़े कड़े हैं ഈ സമയത്തു പത്ര
ങ്ങളുടെ ലേഖനങ്ങൾ വളരെ കഠിനങ്ങളാണ്.

जब मालवीयजी सभापति थे तब बाबूचक्रवर्तिजी का भाषण
बडा अच्छा था മാളവീയജി സഭാപതി ആയിരു

ന്നപ്പോൾ ബാംബൃ ചക്രവൎത്തിജിയുടെ പ്രസംഗം വളരെ നല്ലതായിരുന്നു.

इस उपन्यास में छोटी कहानियाँ वहुत हैं ഈ നോവലിൽ ചെറിയ കഥകൾ വളരെ ഉണ്ട്.

जव लड़के छुट्टी में एक साथ वाहर जाते हैं तव उन को कुछ रियायत मिलता है കുട്ടികൾ ഒഴിവുസമയത്ത് ഒരുമിച്ച് പുറത്തു പോകുമ്പോൾ അവൎക്ക് കുറച്ച് ഇളവു കിട്ടുന്നുണ്ട്.

जिनकी तवियत कब्ज़के कारण ठीक नहीं रहती उन्हें फल खाना चाहिये മലബന്ധം നിമിത്തം ശരീരാസ്വാസ്ഥ്യമുള്ളവൎക്ക് ഫലം തിന്നണം.

दुलहे के सामने दुलहिन नहीं खेलती है വരന്റെ മുൻപിൽ വധു കളിക്കുന്നില്ല.

आग जलाकर जल्दी रसोई पका ओ തീയ്യ് കത്തിച്ച് വേഗത്തിൽ പാചകം ചെയ്യുക.

मुझसे कुछ न मांगो । जल्दी भागो । नहीं तो तेरी हड्डी तोड़दी जायगी എന്നോട് ഒന്നും ചോദിക്കണ്ട. വേഗത്തിൽ ഓടിക്കോ. അല്ലെങ്കിൽ നിന്റെ എല്ല് ഒടിച്ചുകളയും.

वह वीमार है इसलिये चावल किसी दसरे से मंगाओ അവൻ ദീനക്കാരനാണ്. അതുകൊണ്ട് അരി വേറെ ആരെക്കൊണ്ടെങ്കിലും വരുത്തിക്കുവിൻ.

मालूम होता है वह बच्चा मीठा भात ही मांगता है ആ കുട്ടി മധുരമുള്ള ചോറു തന്നെയാണ് ആവശ്യപ്പെടുന്നത് എന്നു തോന്നുന്നു.

सच्चे काम करनेवाले ऐसे नहीं बका करते हैं യഥാർത്ഥമായി പണിഎടുക്കുന്നവർ ഇങ്ങിനെ ചിലയ്ക്കാറില്ല.

पांच महीने के पहिले खोई हुई किताब अब मिली അഞ്ചു മാസം മുൻപു കാണാതെ പോയ പുസ്തകം ഇപ്പോൾ കിട്ടി.

आजकल मैं कमजोर हूँ। नहीं तो क्या ऐसे बर्तन मुझसे नहीं मांजे जाते हैं ഈ സമയം ഞാൻ ദുർബ്ബലനാകുന്നു. അല്ലെങ്കിൽ ഇങ്ങിനെയുള്ള പാത്രങ്ങളെ എനിക്കു തേയ്ക്കുവാൻ കഴികയില്ലേ?

आज यहां सब लोग खिलाये जाते हैं ഇന്ന് ഇവിടെ എല്ലാവരെയും ഊണു കഴിപ്പിക്കുന്നുണ്ട്.

बेचारे उस को क्यों इतनी देर यहाँ बैठाते हो സാധുവായ അവനെ എന്തിനാണ് ഇത്ര അധികം സമയം ഇവിടെ ഇരുത്തുന്നത്.

लड़कों से हमेशा पूरे वाक्य बुलवाओ കുട്ടികളെക്കൊണ്ട് എല്ലായ്പ്പോഴും മുഴുവൻ വാക്യം പറയിപ്പിക്കുവിൻ.

उस बच्चे को इतनी देर तक न जगवाओ ആ കുട്ടിയെ ഇത്ര നേരത്തോളം ഉറക്കമിളപ്പിക്കരുത്.

वह रोज बच्चों को वक्त पर दूध पिलाती है അവൾ എന്നും കുട്ടികളെ സമയത്തു പാൽ കുടിപ്പിക്കുന്നു.

पाठ १९. പാഠം ൧൯.

---

൧ एक, ൨ दो, ൩ तीन, ൪ चार, ൫ पाँच, ൬ छे, ൭ सात, ൮ आठ, ൯ नौ, ൧൦ दस, ൧൧ ग्यारह, ൧൨ बारह, ൧൩ तेरह, ൧൪ चौदह, ൧൫ पन्द्रह, ൧൬ सोलह, ൧൭ सत्रह, ൧൮ अठारह, ൧൯ उन्नीस, ൨൦ बीस, ൨൧ एक्कीस, ൨൨ बाईस, ൨൩ तेईस, ൨൪ चौबीस, ൨൫ पचीस, ൨൬ छब्बीस, ൨൭ सत्ताईस, ൨൮ अठाईस, ൨൯ उंतीस, ൩൦ तीस, ൩൧ एकतीस, ൩൨ बत्तीस, ൩൩ तेंतीस, ൩൪ चैंतीस, ൩൫ पैंतीस, ൩൬ छतीस, ൩൭ सैंतीस, ൩൮ अड़तीस, ൩൯ उंचालीस, ൪൦ चालीस, ൪൧ एकतालीस, ൪൨ बयालीस, ൪൩ तेंतालिस, ൪൪ चवालिस, ൪൫ पैंतालिस, ൪൬ छयालिस, ൪൭ सैंतालिस, ൪൮ अड़तालिस, ൪൯ उंचास, ൫൦ पचास, ൫൧ क्यावन, ൫൨ बावन, ൫൩ तिरपन, ൫൪ चौअन, ൫൫ पचपन, ൫൬ छप्पन, ൫൭ सतावन, ൫൮ अट्ठावन, ൫൯ उंसठ, ൬൦ साठ, ൬൧ एकसठ, ൬൨ बासठ, ൬൩ तिरसठ, ൬൪ चौसठ, ൬൫ पैंसठ, ൬൬ छासठ, ൬൭ सड़सठ, ൬൮ अड़सठ, ൬൯ उन्हत्तर, ൭൦ सत्तर, ൭൧ एखत्तर,

൭൨ बहत्तर, ൭൩ तेहत्तर, ൭൪ चौहत्तर, ൭൫ पछत्तर, ൭൬ छहत्तर, ൭൭ सतत्तर, ൭൮ अठत्तर, ൭൯ उंनासी, ൮൦ अस्सी, ൮൧ एक्कासी ൮൨ बयासी, ൮൩ तेरासी, ൮൪ चौरासी, ൮൫ पचासी, ൮൬ छयासी, ൮൭ सत्तासी, ൮൮ अठ्ठासी, ൮൯ नवासी, ൯൦ नब्बे, ൯൧ एक्कानबे, ൯൨ बानबे, ൯൩ तिरानबे, ൯൪ चौरानबे, ൯൫ पंचानबे, ൯൬ छानबे, ൯൭ सत्तानबे, ൯൮ अठ्ठानबे, ൯൯ निंनानबे, ൧൦൦ सौ ।

൧൦൦൦ हज़ार, ൧൦൦൦൦ दस हज़ार, ലക്ഷം लाख, പത്തു ലക്ഷം दस लाख, കോടി करोड, പത്തു കോടി दस करोड, ൧൦൦൦൦൦൦൦൦൦ अरब (അർബ്ബുദം)

൭൩൨൮൪൦൯൬൧൫

सात अरब बत्तीस करोड़ चौरासी लाख नौ हजार छ सौ पन्द्रह ।

पाव കാല്	आधा അര, പകുതി
पौने മുക്കാൽ	सवा ഒന്നേകാൽ
डेढ़ ഒന്നര	पौने दो ഒന്നമുക്കാൽ
सवादो രണ്ടേകാൽ	ढाई രണ്ടര.

सवा എന്നു തനിയെ ഉപയോഗിക്കുമ്പോൾ ഒന്നേ കാൽ എന്നർത്ഥം. അതിനെ दो മുതൽ സംഖ്യകളുടെ മുൻപിൽ ചേർത്തുപയോഗിച്ചാൽ ആ സംഖ്യയിൽനി

ന്നു കാൽ കൂടിയത് എന്നർത്ഥം. ഉദാഹരണം — सवा आठ എട്ടേകാൽ.

साढे എന്ന് ഏതെങ്കിലും तीन മുതൽ സംഖ്യകളുടെ മുൻപിൽ ചേർത്താൽ ആ സംഖ്യയിൽനിന്ന് അര കൂടിയത് എന്നർത്ഥമാകുന്നു. ഉദാഹരണം — साढे पाँच അഞ്ചര साढे पचीस ഇരുപത്തഞ്ചര.

पौने എന്ന് दो മുതൽ സംഖ്യകളുടെ മുൻപിൽ ചേർത്താൽ ആ സംഖ്യയിൽനിന്നു കാൽ കുറഞ്ഞത് എന്നർത്ഥമാകും. ഉദാഹരണം — पौने दो ഒന്നേമുക്കാൽ पौने दस ഒൻപതേമുക്കാൽ.

മാസങ്ങൾ महीना.

चैत्र, चैत മേടം
वैशाख ഇടവം
जेठ, ज्येष्ठ മിഥുനം
आसाढ, आषाढ കർക്കടകം
सावन, श्रावण ചിങ്ങം
भादों, भाद्रपद കന്നി
अश्विन, कुँवार തുലാം
कार्तिक, कातिक വൃശ്ചികം
मार्गशीर्ष, अगहन ധനു
पौष, पूस മകരം
माघ കുംഭം
फाल्गुन फागुन മീനം

अकेला തനിയെ. एकहरा ഒററ. दूना ഇരട്ടി. दोहरा ഇരട്ട. तिगुना മൂന്നിരട്ടി. तिहरा മൂന്നുഭാഗം. चौगुना നാ

ലിരട്ടി. चौहरा നാലു മടങ്ങ്. पंचगुना അഞ്ചിരട്ടി. छगुना सत गुना, आठ गुना, नौ गुना ഇത്യാദി.

नौ മുതൽ സംഖ്യകളോട് गुना എന്നു ചേർത്താൽ ഉപരോക്തവിധത്തിൽ അർത്ഥം സിദ്ധിക്കുന്നതാകുന്നു.

പച്ചക്കറിസാധനങ്ങളും ഫലങ്ങളും.

केला വാഴ	तरकारी പച്ചക്കറിസാധനം
आलू ഉരുളക്കിഴങ്ങ്	कोंडा കുമ്പളങ്ങ
बैंगन വഴുതനങ്ങ	कटहल ചക്ക
कोभी മുട്ടക്കോസ്	भिंडी വെണ്ടക്കായ
सकरकन्द ചക്കരക്കിഴങ്ങ്	भाजी ഇലക്കറി
अंगूर പച്ചമുന്തിരിങ്ങ	ककडी വെള്ളരിക്ക
आम മാങ്ങ	लौकी ചൊരക്കാ
सेव ആപ്പിൾപഴം	नारंगी, संतरा മധുരനാരങ്ങ
अमरुद പേരക്ക	नाशपाती ഒരു മാതിരി ഫലം
अनार മാതളനാരങ്ങ.	

आटा മാവ്	आचार ഉപ്പിലിട്ടത്
चीनी പഞ്ചസാര	गुड़ ശർക്കര
मिश्री കല്ക്കണ്ടം	निमक ഉപ്പ്

मिर्चा മുളക്	गोल मिरची നല്ലമുളക് (കുരുമുളക്)
राई കടുക്	सोंठ ചുക്ക്
अदरक ഇഞ്ചി	तेल എണ്ണ
तिल എള്ള്	गरी, नारियल തേങ്ങ
बादाम ബദാമക്കൊട്ട	इमली പുളി
हल्दी മഞ്ഞൾ	हींग കായം
शहद തേൻ	नींबू ചെറുനാരങ്ങ
नीम വേപ്പ്	मक्खन വെണ്ണ
मट्ठा മോര്	दही തൈര്
मुँगफली നിലക്കടല	केसर, जफ्रान കുങ്കമം.

अदालत കോടതി	फर्याद സങ്കടം
फर्यादी സങ്കടക്കാരൻ	नालिश, मुकद्दमा കേസ്സ്
नालिशी അന്യായക്കാരൻ (വാദി)	वकील വക്കീല്
हुक्म കല്പന	राय അഭിപ്രായം
कैदखाना ജെയിൽ	गुनाहगार കുററക്കാരൻ
हथकडी കയ്യാമം	इन्साफ़ ന്യായം
सज़ा, दण्ड ശിക്ഷ	जामीन ജാമ്യക്കാരൻ
इल्जाम കുററം	वकालतनामा വക്കീൽനാമം

दगा ചതി	जुर्माना പിഴ
खून കുലപാതകം	कातिल കുലക്കുററക്കാരൻ
दीवानी സിവിൽ	फ़ौजदारी ക്രിമിനൽ
दावा അവകാശം	ज़ब्त ജപ്തി
अमानत അനാമത്ത്	नीलाम ലേലം
जमानत ജാമ്യം	रिश्वत കൈക്കൂലി
इनाम സമ്മാനം	इन्कार നിഷേധം
क़सम സത്യം	फ़ैसला തീർപ്പ് (വിധി)
राजी രാജി	कालापानी നാടുകടത്തൽ
फांसी തൂക്ക്	गवाह സാക്ഷി
सबूत തെളിവ്	जीत ജയം
साबित होना തെളിയുക	साबितकरना തെളിയിക്കുക
हार തോൽവി	वसीयत नामा ഓസ്യത്ത്, മരണപത്രം
हमला ആക്രമം	हवालत അധീനം (ബന്ദോവസ്ഥ്)
दस्तावेज ആധാരം	दस्तखत ഒപ്പ്.

कीमत, दाम വില	नफ़ा, मुनाफ़ा ലാഭം
नुक्सान നഷ്ടം	हिस्सा ഓഹരി, ഭാഗം
कोठी പാണ്ടികശാല	तार കമ്പി
रसीद രശീതി	कर्ज, उधार കടം

ब्याज, सूद പലിശ	सैकड़ा ശതമാനം
भाव, दर നിരക്ക്	माल സാമാനം
शराफ़, साहूकार ഉണ്ടിക കാരൻ	खरीद വാങ്ങൽ (വാങ്ങുക)
पूँजी മൂലധനം	हाट മാർക്കററ്
शरीक, हिस्सेदार ഓഹരി കാരൻ	दलाल ദല്ലാളി
हुंडी ഹുണ്ഡി	बाकी ബാക്കി
सौदा വിലയ്ക്കെടുക്കുക (വി ക്രയം)	मिलकियत സ്വത്ത്
असल പ്രധാനം	जमा വരവ്
दिवालिया ദീവാളി, പാപ്പർ	जोड़ കൂട്ടുക.

बढ़ई ആശാരി	लुहार കരുവാൻ (കൊല്ലൻ)
सुनार തട്ടാൻ	ठठेरा മൂശാരി
हलवाई മിഠായിക്കച്ചവടക്കാരൻ	चमार ചെരിപ്പുകുത്തി
भंगी, मेहतर തോട്ടി	राज़ കല്ലാശാരി
तेली ചക്കാൻ	कलवार ചാരായക്കാരൻ
खलासी കപ്പൽക്കാരൻ	चपरासी ഭൃത്യൻ
दर्ज़ी തുന്നക്കാരൻ	अहीर, ग्वाला ഇടയൻ
कसाई കശാപ്പുകാരൻ	कहार പല്ലക്കെടുക്കുന്നവൻ.
माली തോട്ടക്കാരൻ	വെള്ളം ചുമക്കുക, പാത്രം

रसोइया, बवर्ची വെപ്പുകാരൻ ഭേഷ്ക്കുക മുതലായ പണി
धातु ലോഹം എടുക്കുന്നവൻ
नाऊ, हजाम ക്ഷുരകൻ रंगरेज ചായമിടുന്നവൻ

सोना സ്വർണ്ണം	चांदी വെള്ളി
फूल ഓട്	पीतल പിച്ചള
तांबा ചെമ്പ്	सीसा ഈയ്യം
लोहा ഇരുമ്പ്	पारा രസം
शीशा കണ്ണാടി	मिट्टी का तेल മണ്ണെണ്ണ
कोयला കല്ക്കരി (കരി)	संडासी, चिमटा കൊടിൽ
हथियार ആയുധം	अरी ഈർച്ചവാൾ
हथौड़ी ചുററിക (കൂടം)	कुल्हाडी കോടാലി
कैंची കത്തിരി	चाकू छुरी പിശാങ്കത്തി
जंजीर ചങ്ങല	ताला പൂട്ട്, താഴ്
चाबी താക്കോൽ	तागा, धागा നൂൽ
सुई ഊശി (സൂചി)	रस्सी ചരട്
रस्सा കയറ്	ईंट ഇഷ്ടിക
चूना ചുണ്ണാമ്പ് (കുമ്മായം)	चक्की തിരികല്ല്
तराजू ത്രാസ്	कल യന്ത്രം
दर्वाजा, किवाड വാതൽ	ड्योढी പടിവാതൽ
आंगन മുററം	खिड़की ജനവാതൽ

आला ഭിത്തിമാടം
पेशाबघर-खाना മൂത്രപ്പുര
चबूतरा തിണ്ണ
छुरा കത്തി
गोबर, छान ചാണകം

पाखाना കക്കൂസ്
स्नानघर, गुसलखाना കുളിപ്പുര
सीढी കോണിപ്പടി, പടവ്
छत വെണ്മാടം
दियासलाई തീപ്പെട്ടി

कौआ കാക്ക
तोता തത്ത
उल्लू കൂമൻ
मुर्गा പൂവൻകോഴി
गीध കഴുകൻ
मक्खी ഈച്ച
चिमगादड കടവാവൽ
चूहा എലി
गधा കഴുത
हाथी ആന
चीता പുലി
भेडिया ചെന്നായ്
गीदड കുറുനരി
गैंडा കണ്ടാമൃഗം

मोर മയില്
कोयल കുയില്
कबूतर പ്രാവ
मच्छर കൊതുക
खटमल മൂട്ട
कीडा പുഴു
बिल्ली പെൺപൂച്ച
कुत्ता നായ്
बैल കാള
शेर, सरजा, सिंह സിംഹം
बाघ വ്യാഘ്രം
सियार കുറുക്കൻ
ऊँट ഒട്ടകം
मृग, हिरण മാൻ

साँप പാമ്പ്　　　　　　बिच्छू തേള്

बंदर കുരങ്ങൻ　　　　　　मेंढक തവള

झोंक അട്ട　　　　　　मछली മത്സ്യം

घडियाल, मगर മുതല　　　　　　कछुआ ആമ

बाज പരുന്ത്

स्वराज्य സ്വാരാജ്യം　　　　　　लेख ഉപന്യാസം (ലേഖനം)

नौकरशाही ഉദ്യോഗസ്ഥഭരണം　　　　　　आँदोलन ബഹളം (ഇളക്കം)

संस्था സ്ഥാപനം　　　　　　मजलिस, सभा സഭ

अधिवेशन, बैठक യോഗം, സമ്മേളനം　　　　　　वक्ता, बोलनेवाला പ്രാസംഗികൻ

व्याख्यान, वास, तकरीर പ്രസംഗം　　　　　　प्रस्ताव കരട് നിയമം

समर्थन പിൻതാങ്ങുക　　　　　　अनुमोदन പിൻതാങ്ങുക

विरोध, खिलाफ़ വിരോധം　　　　　　मीरमजलिस, सभापति, सदर സഭാനാഥൻ

सभासद, सदस्य സദസ്യൻ

उपन्यास നോവൽ　　　　　　नेता, अगुआ നേതാവ്

निबन्ध എഴുതി വായിക്കുന്ന ഉപന്യാസം

सम्पादक പത്രാധിപർ　　　　　　लेखक ലേഖകൻ

इलाहाबाद की गर्मी व टंढी हमलोगों के लिये असह्य थी അലഹാബാദിലെ ഉഷ്ണവും തണുപ്പും ഞങ്ങൾക്കു സഹിക്കാൻ പാടില്ലാത്തതായിരുന്നു.

लेकिन वहाँ के लोग यहाँ की गरमी को ज्यादह बताते हैं എന്നാൽ അവിടെയുള്ള ആളുകൾ ഇവിടത്തെ ചൂട് അധികമെന്നു പറയുന്നു.

उस जाडे के लिये ऊनी कपडोंकी अपेक्षा रज़ाई और बंडी बेहतर है ആ തണുപ്പിന്നു രോമവസ്ത്രങ്ങളെക്കാൾ രജായിയും, ബണ്ഡിയും നല്ലതാകുന്നു. കുറച്ചു പരുത്തി നിറച്ച കോസടിപോലെ പുതയ്ക്കുവാനുള്ള സാധനമാകുന്നു 'രജായി'. അതുപോലെ പരുത്തി നിറച്ച ഷർട്ടിൻെറ പേരാണ് 'ബണ്ഡി.'

ऊनी कपडों की अपेक्षा इनका दाम भी कम है രോമവസ്ത്രങ്ങളെക്കാൾ ഇവയ്ക്കു വിലയും കുറവാകുന്നു.

इन दिनों में वहाँ ओस खूब पडती है ഈ ദിവസങ്ങളിൽ അവിടെ മഞ്ഞ് ധാരാളം വീഴും.

ठंढी हवा भी जब ज़ोर से चलती है तब लोग सर्दी के मारे काँपने लगते हैं തണുത്ത കാററ് എപ്പോൾ അടിക്കുവാൻ ആരംഭിക്കുന്നുവോ അപ്പോൾ തണുപ്പുകൊണ്ടു ആളുകൾ വിറയ്ക്കുവാൻ തുടങ്ങുന്നു.

तापने के लिये लोगों को अंगीठीके पास बैठना पडता है (തീ) കായുന്നതിന്നുവേണ്ടി ആളുകൾക്ക് ഇരുമ്പടുപ്പിൻെറ അടുക്കൽ ഇരിക്കേണ്ടി വരുന്നു.

गरमी के दिनों में लू खूब चलती है വേനല്ക്കാലങ്ങളിൽ ചുടുകാററും ധാരാളം അടിക്കുന്നുണ്ട്.

उन दिनों में गरमी इतनी होती है कि आदमी काम अच्छा नहीं करसकता ആ ദിവസങ്ങളിൽ മനുഷ്യൎക്ക് വേല നല്ലവണ്ണം ചെയ്യാതിരിക്കത്തക്കവിധം അത്ര ഉഷ്ണം ഉണ്ട്.

पसीना इतना निकलता है कि एका एकदेखने से मालूम होता है मानों एकने सचमुचस्नान किया हो പെട്ടെന്ന് ഒരുത്തനെ കാണുമ്പോൾ അവൻ വാസ്തവത്തിൽ കുളിച്ചുവോ എന്നു തോന്നത്തക്കവിധം വളരെ വിയൎപ്പു പുറപ്പെടുന്നു.

बंदर इतने प्यासे होजाते हैं कि बंबा खोल कर पानी पीते हैं കുരങ്ങന്മാർ കുഴൽ തുറന്നു വെള്ളം കുടിക്കത്തക്ക വിധത്തിൽ ദാഹമുള്ളവയായിത്തീരുന്നു.

लेकिन वे क्या जाने कि बंबा को बंद भी करना चाहिये എന്നാൽ കുഴൽ അടക്കുകയുംവേണമെന്ന് അവൎക്ക് എന്തറിയാം?

नल का पानी गरम है കുഴൽവെള്ളം ചൂടുള്ളതാകുന്നു.

देहली का कुतुब मीनार बहुत ऊँचा है ഡൽഹിയിലുള്ള കുത്തബ് മെനാർ വളരെ പൊക്കമുള്ളതാകുന്നു.

उस के ऊपर से नीचे देखने से कुछ लोग चौकन्ने हो जाते हैं അതിന്റെ മുകളിൽനിന്നു താഴെയ്ക്കു നോക്കുന്നതായാൽ ചിലർ അമ്പരന്നുപോകും.

लोग कहते हैं कि पृथिवीराजकी लड़की वहाँ ऊपर से रोज जमुनाजी के दर्शन करके ही भोजन करती थी പൃഥ്വീരാജാവിന്റെ മകൾ മുകളിൽനിന്ന് എന്നും യമുനയെ കണ്ടിട്ടു തന്നെയാണ് ഭക്ഷണം കഴിച്ചിരുന്നതെന്നു ആളുകൾ പറയുന്നു.

आजकल के सरकार के सब खर्च फजूल हैं ഇപ്പോഴത്തെ ഗവൺമെന്റിന്റെ ചിലവെല്ലാം അനാവശ്യമാകുന്നു

देखिये, असली पढ़ाई से मकान पर ही कितने लाखों रूपये खर्च किये जाते हैं നോക്കുവിൻ; യഥാർത്ഥപഠിപ്പിനേക്കാൾ എടുപ്പിന്നുതന്നെ എത്രയോ ലക്ഷം ഉറുപ്പിക ചെലവിടുന്നു?

कल एक सभा हुई ഇന്നലെ ഒരു സഭ ഉണ്ടായി.

हमारे मौलाना साहेब उसमें मीरमजलिस थे നമ്മുടെ മൌലാനാ സാഹെബ് അതിൽ സഭാനാഥനായിരുന്നു.

वहाँ उर्दू तामिल और अंग्रेजी में तक़रीर हुए അവിടെ ഉറുദുവിലും, തമിഴിലും, ഇംഗ്ലീഷിലും പ്രസംഗമുണ്ടായി.

वहाँ तेलुगू में बोलनेवाला कोई नहीं था അവിടെ തെലുങ്കിൽ പ്രസംഗിക്കുന്നവൻ ആരും ഇല്ലായിരുന്നു.

श्रीकामेश्वरराव यह प्रस्ताव लाये कि अब से माजिलिस की का-
र्रवाई अंग्रेजी में नहीं होनी चाहिये ശ്രീകാമേശ്വരറാവു
ഇതുമുതൽ സഭയുടെ നടപടി ഇംഗ്ലീഷിൽ പാടി
ല്ലെന്നു പ്രസ്താവം കൊണ്ടുവന്നു.

श्रीकृष्णननायरने इस का विरोध किया ശ്രീകൃഷ്ണൻനായർ
ഇതിനെ വിരോധിച്ചു.

उन्होंने कहा कि अंग्रेजी के अलावा और कोई जबान नहीं जि-
से हम सब समझ सकें നമുക്കു മനസ്സിലാകത്തക്ക
വിധത്തിൽ ഇംഗ്ലീഷല്ലാതെ വേറെ യാതൊരു ഭാ
ഷയും ഇല്ലെന്ന് അദ്ദേഹം പറഞ്ഞു.

तब शंकर अय्यर बोले कि हिंदुस्तानी ऐसी जबान है जिसे म-
द्रासियों को छोडकर हिन्दुस्तानके रहनेवाले अकसर सम
झते हैं അപ്പോൾ ശങ്കരയ്യർ പറഞ്ഞു: മദ്രാസിക
ളെ കഴിച്ച് ഇന്ത്യയിൽ താമസിക്കുന്നവർ സാധാ
രണയായി എല്ലാവരും അറിയുന്നതു ഹിന്ദുസ്ഥാനി
യാകുന്നു.

हमारे सभी स्वराज्यवादी नेता ओंने उसे कबूल करलिया है
നമ്മുടെ സ്വരാജ്യവാദികളായ എല്ലാ നേതാക്ക
ന്മാരും അതിനെ സമ്മതിച്ചിട്ടുണ്ട്.

द्राविड प्रान्तों में उसे फैलाने केलिये कई प्रचारक उत्तरकी
तरफ़ से आये हैं और यहाँ वाले कई तैयार होगये हैं

ദ്രാവിഡപ്രാന്തങ്ങളിൽ അതിനെ പരത്തുന്നതിന്നു വേണ്ടി അനവധി പ്രചാരകന്മാർ ഉത്തരദേശത്തു നിന്നു വന്നിട്ടുണ്ട്. ഇവിടെയുള്ളവരും വളരെ തയ്യാറായിട്ടുണ്ട്.

तब बहुमतसे वह प्रस्ताव स्वीकृत हुआ അപ്പോൾ അധികപക്ഷപ്രകാരം ആ പ്രസ്താവം സ്വീകരിച്ചു.

गोपालशर्मा उठकर सब लोगों से विनती की कि आप लोग आज से ही हिन्दी सीखने लगिये नहीं तो अगले कांग्रेस में कुछ नहीं समझ सकेंगे क्योंकि अब से कांग्रेस की कर्रवाई ज्यादहतर हिन्दुस्तानी में ही होगी ഗോപാലശർമ്മാ എഴുന്നേററ് എല്ലാവരോടും അപേക്ഷിച്ചു നിങ്ങൾ ഇന്നു മുതല്ക്കുതന്നെ ഹിന്ദുസ്ഥാനി പഠിക്കുവാൻ ആരംഭിക്കുവിൻ, അല്ലെങ്കിൽ വരുന്ന കാംഗ്രെസ്സിൽ ഒന്നും അറിയുവാൻ കഴിയുകയില്ല; എന്തെന്നാൽ എനികാംഗ്രെസ്സിന്റെ നടപടി മിക്കവാറും ഹിന്ദുസ്ഥാനിയിൽ തന്നെ ആയിരിക്കും.

तब कृष्णन नायर आदि सभी लोगें ने प्रतिज्ञाकी कि वे कांग्रेस के पेशतर ज़रूर सीखलेंगे, जिससे वे पूरे स्वराज्यवादी बनें അപ്പോൾ കൃഷ്ണൻനായർ മുതലായ എല്ലാ ആളുകളും അവർ പൂർണ്ണസ്വരാജ്യവാദിയാകുന്നതിന്നുവേണ്ടി കാംഗ്രെസ്സിന്നു മുൻപായി നിശ്ചയമായും ഹിന്ദി പഠിക്കുമെന്നു പ്രതിജ്ഞ ചെയ്തു.

———

रेल में सफ़र തീവണ്ടിയാത്ര.

जनाब, आप कलकत्ते गये हैं ശ്രീമൻ, താങ്കൾ കല്ക്കത്തയിൽ പോയിട്ടുണ്ടോ?

महाशय, मैं नहीं गया ശ്രീമാൻ, ഞാൻ പോയിട്ടില്ല.

क्या आप गये हैं? നിങ്ങൾ പോയിട്ടുണ്ടോ?

हाँ, मैं गया हूँ ഉവ്വ്, ഞാൻ പോയിട്ടുണ്ട്.

काशी को किधरसे जाना चाहिये കാശിയിലേക്ക് ഏതിലെ പോകണം?

बनारस के लिये कलकत्ते होकर जाना पड़ता है കാശിയിലേക്ക് കല്ക്കത്തയിൽ കൂടി പോകണം.

कलकत्ते की गाड़ी कब छूटती है കല്ക്കത്തയിലേക്കുള്ള വണ്ടി എപ്പോഴാണ് പുറപ്പെടുന്നത്?

रात को साढ़े सात बजे निकलती है രാത്രി ഏഴര മണിക്കാണ് പുറപ്പെടുന്നത്.

आज रात को सात बजे निकलने से हम कलकत्ते कब पहुँचेंगे ഇന്നു രാത്രി ഏഴു മണിക്കു പുറപ്പെട്ടാൽ ഞങ്ങൾ എപ്പോൾ കല്ക്കത്തയിൽ എത്തും.

परसों सुबहको पहुंचोंगे മറ്റന്നാൾ രാവിലെ എത്തും.

यहांसे काशी का क्या किराया है ഇവിടെനിന്നു കാശിയിലേക്കു കൂലി എന്താകുന്നു?

काशी का किराया हमें नहीं मालूम कितना है കാശിയിലേക്കുള്ള കൂലി എത്രയാണെന്ന് എനിക്കു നിശ്ചയമില്ല.

कलकत्ते का भाड़ा तुम्हें मालूम ही होगा കല്കത്തായിലേക്കുള്ള കൂലി നിങ്ങൾക്ക് അറിയുമായിരിക്കുമല്ലോ.

लगभग बीस रूपये हैं ഏകദേശം ഇരുപതു ഉറുപ്പികയാകുന്നു.

काशी जाते वक्त राह में कौन कौन सी जगहें देखने लायक हैं കാശിയിലേക്കു പോകുമ്പോൾ വഴിയിൽ ഏതെല്ലാം സ്ഥലങ്ങളാണ് കാണുവാൻ യോഗ്യമായിട്ടുള്ളവ.

देखने लायक जगहें तो बहुत हैं । लेकिन मुसाफ़िर लोग बहुत करके राजमहेन्द्री में उतरपडते हैं കാണുവാൻ തക്ക സ്ഥാനങ്ങൾ വളരെ ഉണ്ട്. എന്നാൽ വഴിയാത്രക്കാർ അധികമായിട്ടു രാജമഹേന്ദ്രിയിലാണ് ഇറങ്ങുന്നത്.

वहाँ गोदावरी में स्नान कर कोटिलिंगक्षेत्र के दर्शन करते हैं അവിടെ ഗോദാവരിയിൽ കുളിച്ചു കോടിലിംഗക്ഷേത്രത്തെ ദർശിക്കുന്നു.

आप नेल्लूरसे जब काशी जावें तब राजमहेन्द्री जरूर उत्तरें താങ്കൾ നെല്ലൂരിൽനിന്നു കാശിയിലേക്കു പോക

പ്പോൾ രാജമഹേന്ദ്രിയിൽ നിശ്ചയമായും ഇറങ്ങണം.

वहां से जगन्नाथपुरी जाते हैं അവിടെനിന്നു ജഗന്നാഥപുരിയിൽ പോകുന്നു.

यह गाडी पुरी कब पहुंचेगी ഈ വണ്ടി പുരിയിൽ എപ്പോൾ എത്തും?

रास्ते में पुरी का स्टेषन नहीं पडता വഴിയിൽ പുരി സ്റ്റേഷൻ പെടുകയില്ല.

खुर्दारोडजंक्शन में उतर कर दूसरी गाड़ी में जाना चाहिये ഖുർദ്ദാറോഡ് ജംക്ഷനിൽ ഇറങ്ങിയിട്ടു വേറെ വിണ്ടിയിൽ പോകണം.

पुरी में समुद्र है क्या പുരിയിൽ സമുദ്രമുണ്ടോ?

जगन्नाथ का मन्दिर कैसा है ജഗന്നാഥമന്ദിരം എങ്ങനെയുള്ളതാകുന്നു.

मैंने अभी से निश्चय कियाहै कि रेलकी सफ़र में ज्यादह सामान नहीं ले जाउंगा തീവണ്ടിയാത്രയിൽ വളരെ സാമാനം കൊണ്ടുപോവുകയില്ലെന്നു ഞാൻ ഇപ്പോൾ തന്നെ നിശ്ചയിച്ചിട്ടുണ്ട്.

तुम उस समय किधर जारहे थे നിങ്ങൾ ആ സമയത്ത് എവിടേക്ക് പോകയായിരുന്നു.

मैं दिल्ली चाता था ഞാൻ ഡൽഹിയിലേക്ക് പോകുകയായിരുന്നു.

उस समय दिल्ली में क्या था ആ സമയം ഡൽഹിയിൽ എന്തായിരുന്നു?

दिल्ली जाने के लिये भी कलकत्ते हो कर जाना चाहिये ഡൽഹിക്ക് പോകുന്നതിനും കല്ക്കത്തയിൽ കൂടി പോകണം.

आप किस गाडी से आये നിങ്ങൾ ഏത് വണ്ടിക്കാണ് വന്നത്?

दिल्ली को धोंडमनमाडहो कर जा सकते हैं; किन्तु मुझे मुगल सराय में काम था ഡൽഹിയിലേക്ക് ധോണ്ഡ്മൻമാഡിൽകൂടി പോകാം. എന്നാൽ എനിക്കു മുഗൽ സറായിൽ കാര്യമുണ്ടായിരുന്നു

मुगल सराय स्टेषन किधर है മുഗൽസറായി സ്റ്റേഷൻ എവിടെയാകുന്നു?

वह कलकत्ते से दिल्ली जाने रास्ते में है അതു കല്ക്കത്തയിൽ നിന്നു ഡൽഹിയിലേക്കു പോകുന്ന വഴിയിൽ ആണ്.

जब मैं मुगल सराय से फ़िर दिल्ली जाने लगा तब मैं टिकट नहीं खरिद सका ഞാൻ മുഗൾസറായിൽനിന്നു പിന്നെ ഡൽഹിയിലേക്കു പോകുവാൻ തുടങ്ങിയപ്പോൾ എനിക്കു ടിക്കറ്റു മേടിക്കുവാൻ കഴിഞ്ഞില്ല.

तीसरे दर्जे में जानेवाले मुसाफ़िरों की बड़ी भीड़थी മൂന്നാം ക്ലാസ് യാത്രക്കാരുടെ വലിയ തിരക്കുണ്ടായിരുന്നു.

इसलिये मैंने फ़र्स्ट क्लास का टिकट लिया അതുകൊണ്ടു ഞാൻ ഒന്നാം ക്ലാസ് ടിക്കറ്റാണ് മേടിച്ചത്.

आपने यह ठीक नहीं किया നിങ്ങൾ ഇതു ചെയ്തതു ശരിയല്ല.

रेलवेवाले हम लोगों की कुछ परवाह नहीं करते हैं റെയിൽ വെക്കാർ നമ്മളാളുകളെപ്പറ്റി തീരെ ഗൌനിക്കുന്നേ ഇല്ല.

अगर थर्ड क्लास की यात्री रेल में न जावें तो रेल कम्पनी कैसे रह सकती है മൂന്നാം ക്ലാസ് യാത്രക്കാർ റെയിലിൽ പോകാതിരുന്നാൽ റെയിൽവെ കമ്പനി എങ്ങിനെ നടക്കും.

सारा पैसा गरीबों से लेतेहैं मगर उन के आराम के वास्ते कुछ इन्तजाम नहीं करते हैं പണം മുഴുവൻ ദരിദ്രന്മാരിൽ നിന്നു വാങ്ങുന്നു. എന്നാൽ അവരുടെ സുഖത്തിന്നു വേണ്ടി യാതൊരു ഏർപ്പാടും ചെയ്യുന്നില്ല.

अच्छा, आप मुग़ल सराय तक किस दर्जे में गये ആകട്ടെ. നിങ്ങൾ മുഗൽസരായ്‌വരെ ഏതു ക്ലാസിലാണ് പോയത്?

मैं या तो इंटर में जाता हूं या सेकंड क्लास में जाता हूं, तीसरे

दर्जे में सफ़र करना मुझे पसंद नहीं ഞാൻ ഒന്നുകി ലെം ഇൻററർ ക്ലാസിൽ പോകും. അല്ലെങ്കിൽ ര ണ്ടാം ക്ലാസിൽ പോകും. മൂന്നാം ക്ലാസിൽ യാത്ര ചെയ്യുന്നത് എനിക്കിഷ്ടമല്ല.

आप बड़े हैं मैं आप से क्या कहूँ നിങ്ങൾ വലിയ ആൾ. ഞാൻ നിങ്ങളോട് എന്തു പറയട്ടെ.

इस बात को सोचने ही से मुझे बड़ा दुःख होता है ഇക്കാര്യം ഓർക്കുമ്പോൾ തന്നെ എനിക്കു വളരെ ദുഃഖമുണ്ടാകുന്നു.

आप को मालूम ही होगा कि महात्मा गान्धीजी किस दर्जे में सफ़र करते हैं മഹാത്മാ ഗാന്ധിജി ഏതു ക്ലാസിലാണ് യാത്രചെയ്യുന്നതെന്നു നിങ്ങൾ അറിയുമായിരിക്കുമല്ലോ?

वे हमेशा थर्ड क्लास ही में जाते थे അദ്ദേഹം എല്ലായ്പ്പോഴും മൂന്നാം ക്ലാസിൽ തന്നെയാണ് പൊയ്ക്കൊണ്ടിരുന്നത്.

क्या उन के पास पैसा न था എന്താ! അദ്ദേഹത്തിൻെറ അടുക്കൽ പണം ഇല്ലായിരുന്നോ?

वे गरीबों की असली हालत को देखने के लिये कई वर्षों तक तीसरे दर्जे में मुसाफ़िरी करते रहे അദ്ദേഹം ദരിദ്രന്മാരുടെ യഥാർത്ഥ അവസ്ഥയെ കാണുന്നതിനുവേ

ണ്ടി വളരെ കൊല്ലത്തോളം മൂന്നാം ക്ലാസിൽ യാത്ര ചെയ്തുകൊണ്ടിരുന്നു.

आप का कहना सच है നിങ്ങൾ പറഞ്ഞതു സത്യം ആകുന്നു.

मगर थर्ड क्लास में बहुत भीड होती है എന്നാൽ മൂന്നാംക്ലാസിൽ വളരെ തിരക്കുണ്ട്.

तीसरे दर्जे के यात्री लोग गाड़ी में थूकते हैं और सिगरेट हुक्के के धुँए से तो हमारा जी बहुत गवड़ा जाता है മൂന്നാം ക്ലാസ് യാത്രക്കാർ വണ്ടിയിൽതന്നെ തുപ്പുന്നു. സിഗററ്റിന്റെയും ഹുക്കയുടെയും പുകയാൽ എന്റെ മനസ്സ് പരിഭ്രമിച്ചുപോകുന്നു.

तो भी आगे से मैं हमेशा थर्ड क्लासही में जाऊंगा എന്നാലും മേലിൽ ഞാൻ മൂന്നാം ക്ലാസിൽ മാത്രമെ പോകുകയുള്ളൂ.

अच्छी बात है നല്ല കാര്യം.

हां, तो आप हरिद्वार से देहरादून गये थे ആകട്ടെ. നിങ്ങൾ ഹരിദ്വാരത്തിൽനിന്നു ദേഹരാഡൂനിൽ പോയിരുന്നുവോ?

हां, मेरा एक दोस्त दिल्ली से हरिद्वार जा रहा था ഉവ്വ്. എന്റെ ഒരു സ്നേഹിതൻ ഡൽഹിയിൽസിന്നു ഹരിദ്വാരത്തിലേക്കു പോകുകയായിരുന്നു.

काशी से कलकत्ता जाने के लिये मुगलसराय में उतरना चाहिये
കാശിയിൽനിന്നു കല്ക്കത്തക്കു പോകുന്നതിന്നു വേണ്ടി മുഗൾസറായിൽ ഇറങ്ങണം.

इसलिये मैं मुगलसराय में उतरा, वहां से सेधा दिल्ली चला गया
അതുകൊണ്ടു ഞാൻ മുഗൾസറായിൽ ഇറങ്ങി. അവിടെനിന്നു നേരിട്ടു ഡൽഹിയിലേക്കു പോയി.

आप एक काम कीजिये നിങ്ങൾ ഒരു കാര്യം ചെയ്യുവിൻ.

हम अबकीबार अहमदाबाद जाना चाहते हैं ഞങ്ങൾ ഈ പ്രാവശ്യം അഹമ്മദാബാദിലേക്കു പോകുവാൻ ആഗ്രഹിക്കുന്നു.

आप मिहर्बानी करके ऐसी तरकीब बतलाइये जिस से मैं देश-भर में घूम कर आजाऊं നിങ്ങൾ ദേശം മുഴുവൻ ചുറ്റി സഞ്ചരിച്ചു വരുവാനുള്ള സൂത്രം ദയവുചെയ്തു് എനിക്കു പറഞ്ഞുതരിക.

अच्छा सुनिये अब की मर्तबा कांग्रेस गया में होगी കൊള്ളാം. കേട്ടുകൊള്ളുവിൻ. ഈ പ്രാവശ്യം കാംഗ്രെസ് ഗയയിൽ ആയിരിക്കും.

आप मद्रास से कलकत्ता मेल में शाम को सात बजे सवार हो जाइये നിങ്ങൾ മദ്രാസിൽനിന്നു കല്ക്കത്താ മെയിലിൽ വയികുന്നേരം ഏഴു മണിക്കു കയറുവിൻ.

आप सुबह आठ बजे राजमहेन्द्री उतरकर गोदावरीनदी में स्नान कीजिये और खुर्दारोड जंक्शन पर फ़िर उतरकर

वहां से पुरी जाइये നിങ്ങൾ രാവിലെ എട്ടു മണിക്കു രാജമഹേന്ദ്രിയിൽ ഇറങ്ങി ഗോദാവരിനദിയിൽ കുളിക്കുക. പിന്നീടു ഖുർദ്ദാറോഡ് ജങ്ക്ഷനിൽ ഇറങ്ങി അവിടെനിന്നു പുരിയിലേക്കു പോകുക.

पुरी से कलकत्ते जाइये പുരിയിൽനിന്നു കല്ക്കത്തയിൽ പോകുക.

अगर आप बहुत थकगये हों तो दो तीन दिन उधर रह जाइये നിങ്ങൾ വളരെ ക്ഷീണിച്ചു പോയെങ്കിൽ രണ്ടു മൂന്നു ദിവസം അവിടെ താമസിക്കുക.

कलकत्ते में मद्रासी होटल है കല്ക്കത്തയിൽ മദ്രാസിഹോട്ടൽ ഉണ്ട്.

कलकत्ते से एक गाडी गया को जाती है കല്ക്കത്തയിൽനിന്നു ഒരു വണ്ടി ഗയയിലേക്കു പോകുന്നുണ്ട്.

जब आप बम्बई से अहम्मदाबाद जावें तब रास्ते में सूरत, भडौंच, बडोदा, आनन्द, नडियाद आदि जगहों को अवश्य देखते जाइये നിങ്ങൾ ബംബെയിൽനിന്ന് അഹമ്മദാബാദിലേക്കു പോകുമ്പോൾ വഴിയിൽ സൂറത്, ഭഡോഞ്ച്, ബറോഡാ, ആനന്ദ, നഡിയാദ മുതലായ സ്ഥലങ്ങളെ തീർച്ചയായും നോക്കിയിട്ടു പോകുക.

आनन्दसे ही एक लाइन गोध्रा होती हुई सीधी दिल्ली को जाती है ആനന്ദത്തിൽനിന്നുതന്നെ ഒരു ലയിൻ (വഴി) ഗോധ്രയിൽകൂടി നേരിട്ടു ഡൽഹിയിലേക്കു പോകുന്നുണ്ട്.

आन्ध्रदेशवासी भाई बहिन जब बिहार कांग्रेस में जावें तब वे गया से काशी, अयोध्या, चित्रकूठ, प्रयागा, मथुरा, बृन्दावन आदि तीर्थक्षेत्रों में जरूर जावें ആന്ധ്രദേശവാസികളായ സഹോദരീസഹോദരന്മാർ ബിഹാർ കാംഗ്രെസിൽ പോകുമ്പോൾ ഗയാ, കാശി, അയോദ്ധ്യാ, ചിത്രകൂടം, പ്രയാഗാ, മധുരാ, വൃന്ദാവനം മുതലായ തീൎത്ഥക്ഷേത്രങ്ങളിൽ നിശ്ചയമായും പോകണം.

मैं बजवाडा से किधर जाऊं ഞാൻ ബെജവാഡയിൽനിന്ന് എവിടേയ്ക്കാണ് പോകേണ്ടത്:

आप बजवाडे से सिकन्द्राबाद जाइये फिर वहां से वाडी होकर बंबई चले जाइये നിങ്ങൾ ബെജവാഡയിൽനിന്നു സികന്ദ്രാബാദിൽ പോകുക. പിന്നെ അവിടെനിന്നു വാഡിയിൽ കൂടി ബംബയിലേക്കു പോകുക.

महात्मागान्धी का जन्मस्थान काठियावाड जिले के पोरिवन्दर नामक रियासत में है മഹാത്മാ ഗാന്ധിയുടെ ജന്മസ്ഥാനം കാഠിയാവാഡ് (കത്തിയവാർ) ജില്ലയിലെ പോരിബന്ദർ എന്നു പേരായ ദേശീരാജ്യത്തിൽ ആകുന്നു.

इस का दूसरा नाम सुदामा पुरी भी है ഇതിന്റെ രണ്ടാമത്തെ പേർ സുദാമാപുരി എന്നും ആകുന്നു.

आप ने कुचैलोपाख्यान तो पढा ही होगा നിങ്ങൾ കുചേലോപാഖ്യാനം വായിച്ചിരിക്കുമല്ലൊ.

सुदामा का नाम ही कुचेल था സുദാമാവിന്റെ പേർ തന്നെയായിരുന്നു കുചേലൻ എന്നും.

वह श्रीकृष्ण का बड़ा मित्र था അദ്ദേഹം ശ്രീകൃഷ്ണന്റെ വലിയ സ്നേഹിതൻ ആയിരുന്നു.

पोरबन्दर देखने लायक शहर है പോർബന്ദർ കാണേണ്ടു ഒരു പട്ടണം ആകുന്നു.

यात्रीलोग वहीं से द्वारका पुरी जाते हैं യാത്രക്കാർ അവിടെനിന്നു തന്നെയാണ് ദ്വാരകാപുരിയിലേക്കു പോകുന്നത്.

प्रयाग से आप देहली जाइये പ്രയാഗയിൽനിന്നു നിങ്ങൾ ഡൽഹിയിൽ പോകുക.

दिल्ली से हरिद्वार जाइये ഡൽഹിയിൽനിന്നു ഹരിദ്വാരത്തിൽ പോകുക.

इधर से अमृतसर, लाहोर आदिस्थानों को जाकर आप फ़िर लौटिये അമൃതസരസ്സിൽനിന്നു ലാഹോർ മുതലായ സ്ഥാനങ്ങളിൽ പോയിട്ടു പിന്നെ മടങ്ങുക.

अमृतसर में आप सिखों का सुवर्ण मन्दिर और जलियांवाला बाग ज़रुर ही देखें അമൃതസരസ്സിൽ നിങ്ങൾ സിഖ്കാരുടെ സ്വർണ്ണമന്ദിരവും ജലിയാൻ വാലാ ബാഗും (തോട്ടം) നിശ്ചയമായും കാണുക.

मुझे आप कृपा कर दक्षिण कारास्ता बतलाइये എനിക്കു നിങ്ങൾ ദയവു ചെയ്തു ദക്ഷിണഭാരതത്തിലേക്കുള്ള വഴി പറഞ്ഞുതരിക.

मद्रास से जो गाडी बंबई जाती है उस से जाकर रेणिगुंटा जंकशन पर उतरिये, वहां से बालाजी नज़दीक है, बालाजी को इस प्रान्त में तिरुपति बोलते हैं മദ്രാസിൽ നിന്നു ബോംബയിലേക്കു പോകുന്ന വണ്ടിയിൽ കൂട പോയിട്ടു രെണിഗുണ്ടാ ജംക്ഷനിൽ ഇറങ്ങുവിൻ അവിടെനിന്നു ബാലാജി അടുത്താകുന്നു. ഈ പ്രാന്തക്കാർ ബാലാജിയെ തിരുപ്പതിഎന്നു പറയുന്നു.

इधर से एक गाडी काटपाडी को जाती है वहां से बंगलूर होकर काटपाडी, विलुपुरम्, तंजोर, ट्रिचिनापल्लि, मदुरा रामेश्वरम् आदि जगहों को जाना चाहिये അവിടെനിന്നു ഒരു വണ്ടി കാടവാഡിയിലേക്കു പോകുന്നുണ്ട്. അവിടെനിന്നു മംഗളൂർ വഴിയായി കാടവാഡി വിലുപുരം, തഞ്ചാവൂർ, ത്രിച്ചിനാപ്പള്ളി, മദുരാ, രാമേശ്വരം മുതലായ സ്ഥലങ്ങളിലേക്കു പോകണം.

आज इतना बस ഇന്നു ഇത്ര മതി.

पाठ २०. പാഠം ൨൦.

रोग, मर्ज രോഗം

बुख़ार, ज्वर പനി

कोढ, कुष्ठ കുഷ്ഠം

जंभाई കോട്ടുവാ

खाँसी കുര, ചുമ

वमन, कै, उलटी ഛർദ്ദി

मरी, हैजा നടപ്പുദീനം
संग्रहणी അതിസാരം
बबासीर, अर्श മൂലക്കുരു
दस्त വയറിളക്കം
दाद വട്ടച്ചൊറി
खाज ചൊറി
सन्निपात സന്നി
अजीर्ण, बदहजम ദഹനക്കേട്
पेचिश അശ്സ്സ്
दर्द വേദന
हिमज्वर മലമ്പനി
जख़म, घाव മുറി (പരുക്ക്)
सर्दी തണുപ്പ്
नाडी നാഡി
हिचकी എക്കിട്ട്

फुंसी, फोडा കുരു
छाला പൊള്ളവൻ
शीतला, चेचक വസൂരി
मूर्छा, बेमान മോഹാലസ്യം
कामला മഞ്ഞപ്പിത്തം
कब्ज़ियत മലബന്ധം
छींक തുമ്മൽ
लंगडा മുടന്തൻ
अंधा കുരുടൻ
बहिरा ചെകിടൻ
गूंगा ഊമ
कुबरा കൂനൻ
नकटा പതിമൂക്കൻ, മുറിമൂക്കൻ
धड ഉടൽ

हैजे में कपूर बडा गुणकारक है നടപ്പുദീനത്തിന്നു കർപ്പൂരം വളരെ ഗുണകരമാകുന്നു.

आप के बुख़ार का क्या सबब है? നിങ്ങളുടെ പനിക്കെന്താണ് കാരണം?

मैंने शायद ज्यादह खाया होगा इसलिये बुख़ार आया हो ഒരു

വേള ഞാൻ അധികമായി ഊണു കഴിച്ചിരിക്കാം. അതുകൊണ്ടു പനി വന്നിരിക്കാം.

बवासीर वालों को गरम चीजें नहीं खानी चाहियें മൂലക്കുരുക്കാൎക്കു ചൂടുള്ള വസ്തുക്കൾ തിന്നുവാൻ പാടില്ല.

वहरोज अच्छी तरह स्नान नहीं करता हैं, इसलिये उस को खाज हुईहै അവൻ എന്നും നല്ലപോലെ കുളിക്കുന്നില്ല. അതുകൊണ്ടു അവന്നു ചൊറി ഉണ്ടായി.

उस को आज क्यों बारबार दस्त होता है അവന്നു എന്താണ് ഇന്നു പിന്നെയും പിന്നെയും വയറിളക്കം ഉണ്ടാകുന്നത്.

यह संग्रहणी नहीं है ഇതു അതിസാരമല്ല.

वह बहिरा है, जरा ज़ोर से बोलिये അവൻ ചെവി കേൾക്കാത്തവനാകുന്നു. കുറച്ച് ഉറക്കെ പറയുവിൻ.

साधारण लोगों की पढ़ाई का पूरा प्रबन्ध नहीं । अंधों की की पढाई शुरु होगई സാധാരണ ജനങ്ങളുടെ പഠിപ്പിന്നു പൂൎണ്ണ ഏൎപ്പാടില്ല. കുരുടന്മാരുടെ പഠിപ്പ് ആരംഭിച്ചു.

भगवान अपने लँगडे दासों को भी पहाड़पर चढ़ा देते हैं ഭഗവാൻ തന്റെ മുടന്തന്മാരായ ദാസന്മാരേയും പൎവ്വതത്തിൽ കയറുന്നു.

सभा में जंभाई लेना अच्छा नहीं वह सुस्ती की निशानी है സഭയിൽ കോട്ടവാ ഇടുന്നതു നല്ലതല്ല. അതു മടിയുടെ അടയാളമാകുന്നു.

कोढी का भादवा है കുഷ്ഠരോഗിക്കും മരുന്നുണ്ട്.

उस को बडी भारी जख्म हुई അവന്നു വളരെ വലിയ മുറിവു പററി.

स्नान करने के बाद कसरत करने से सर्दी कम होती है കുളിച്ചതിന്റെ ശേഷം കസറത്ത് ചെയ്യുന്നതുകൊണ്ടു തണുപ്പു കുറയുന്നു.

हिचकी के लिये क्या दवा है എക്കിട്ടിന്ന് എന്താണ് മരുന്ന്.

क्या, तुम को पेचिश है? तो जिलेबी खाओ നിങ്ങൾക്കു അശ്ലസ്സുണ്ടെങ്കിൽ ജിലേബി തിന്നുവിൻ.

यह हकीम बताता है कि हर किस्म के मरीज़ को पानी और मिट्टी की चिकित्सा से अच्छा कर सकते हैं എല്ലാത്തരത്തിലുള്ള രോഗികളേയും ജലചികിത്സയും മണ്ണുചികിത്സയും കൊണ്ടു നന്നാക്കുവാൻ കഴിയുമെന്നു വൈദ്യർ പറയുന്നു.

आप इस भ्रम को दूर कीजिये कि दवा लेने ही से आप ठीक होंगे മരുന്നു കഴിച്ചതുകൊണ്ടു മാത്രമേ നിങ്ങൾ ശ

രിയാവുകയുള്ളു എന്ന ഭ്രമത്തെ നിങ്ങൾ അകററു വിൻ.

सभी प्रकारके रोगिओं की सेवा चाकरी करना मनुष्यका फ़-र्ज़ है एല്ലാംവിധത്തിലുള്ള രോഗികളേയും ശുശ്രൂഷിക്കേണ്ടതു മനുഷ്യന്റെ കടമയാകുന്നു.

तुम काफ़ी खाना खाओ तो तुम्हें क्यों बदहजमी होवे ? നിങ്ങൾ മിതമായ ഭക്ഷണം കഴിക്കുന്നതായാൽ നിങ്ങൾക്കു എങ്ങിനെ ദഹനക്കേട് ഉണ്ടാവും.

उस का फ़ोडा आजही फूटा അവന്റെ കുരു ഇന്നുതന്നെയാണ് പൊട്ടിയത്.

उस के सबकपड़े लोहूसे भीग गये അവന്റെ വസ്ത്രമെല്ലാം ചോരകൊണ്ടു നനഞ്ഞുപോയി.

बीमारियों के नाम सुनते सुनते मेरे नाकों दम होगया രോഗങ്ങളുടെ പേരു കേട്ടു കേട്ടു ഞാൻ കുഴങ്ങി.

लंघनम् परमौषधम् ഉപവാസമാണു നല്ല മരുന്ന്.

॥ हिन्दी की सरल अत्यावश्यक पुस्तकें ॥

८.५

बाल बोधिनी (म... ...लम)	०—...
हिन्दी की पहिली पुस्तक (अर्थसहित)	०—४—६
हिन्दी की दूसरी पुस्तक	०—५—०
हिन्दी का हीर (A Self-Instructor in English)	०—२—०
स्वदेशगीत [अर्थ सहित दूसरा संस्करण]	०—३—०
बालरामायण	०—११—०
आरोग्य साधन (महात्मा गान्धी लिखित)	०—६—०
हिन्द स्वराज "	०—५—०
दिव्यवाणी	०—२—६
बालकथाकहानी	०—४—०
हिन्दी अंग्रेज़ी कोश	३—०—०
अंग्रेज़ी हिन्दी "	३—०—०
सप्तसरोज	०—८—०
हिन्दी-अंग्रेज़ी स्वबोधिनी	०—१०—०

हिन्दी प्रचारक (पाक्षिक पत्र)

वार्षिक	...—०
एक प्रति या नमूना	...—०

हिन्दी के अभ्यास के लिये अति उपयोगी

हिन्दी प्रचार कार्यालय, ट्रिप्लिकेन, मद्रास।

Hindi Prachar Karyalaya, Triplicane, Madras.